**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

# എരുമേലി സി.ഐ യുടെ സസ്പെൻഷൻ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3790** **11.11.2019 - ൽ മറുപടിയ്ക്ക്**

| ചോദ്യം<br>ശ്രീ. പി.സി.ജോർജ്ജ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) | എരുമേലി പോലീസ് സ്റ്റേഷൻ സി.ഐ ആയിരുന്ന ശ്രീ.ദിലീപ്ഖാനെ സസ്പെൻഡ് ചെയ്യാൻ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പും അതിന് ആധാരമായ കുറിപ്പ് ഫയലിന്റെയും നടപ്പ് ഫയലിന്റെയും പകർപ്പ് ലഭ്യമാക്കുമോ | എരുമേലി പോലീസ് സ്റ്റേഷൻ സി.ഐ ആയിരുന്ന ശ്രീ.ദിലീപ്ഖാനെ സസ്പെന്റ് ചെയ്തുകൊണ്ടുള്ള ഉത്തരവ്, നടപ്പ് ഫയൽ. കുറിപ്പ് ഫയൽ എന്നിവയുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത ഉദ്യോഗസ്ഥന്റെ സസ്പെൻഷനുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലാ പോലീസ് മേധാവി എന്തെങ്കിലും റിമാർക്സ് ഏതെങ്കിലും ഫയലിൽ രേഖപ്പെടുത്തിയിരുന്നോ; എങ്കിൽ പ്രസ്തുത റിമാർക്സിന്റെ പകർപ്പ് ലഭ്യമാക്കാമോ | പ്രസ്തുത ഉദ്യോഗസ്ഥന്റെ സസ്പെൻഷനുമായി ബന്ധപ്പെട്ട് ജില്ലാ പോലീസ് മേധാവി ഒരു ഫയലിലും റിമാർക്സ് രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. |
| (സി) | ഈ വിഷയവുമായി ബന്ധപ്പെട്ട് പൂഞ്ഞാർ എം.എൽ.എ ബഹു.മുഖ്യമന്ത്രിക്ക് 22-10-2019 ൽ നൽകിയ (നം.എം.എൽ.എ പി.എൻ.ജെ.ആർ/ജി.പി/306/2019-20) കത്തിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ? | ടി വിഷയവുമായി ബന്ധപ്പെട്ട് ബഹു.പൂഞ്ഞാർ എം.എൽ.എ 22-10-2019 തീയതി മുഖ്യമന്ത്രിക്ക് നൽകിയ നം.എം.എൽ.എ പി.എൻ.ജെ.ആർ/ജി.പി/306/2019-20 നമ്പർ കത്ത്, പരാതി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 01-11-2019 തീയതിയിൽ സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയിട്ടുള്ളതും വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോട്ടയം ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

(91) 24

POLICE DEPARTMENT

KERALA

**PROCEEDINGS OF THE INSPECTOR GENERAL OF POLICE**
**ZONAL OFFICE (SOUTH), THIRUVANANTHAPURAM**

Present : Balram Kumar Upadhyay IPS

Sub  Misconduct of Dileep Khan, IP, Erumeli PS-instruction for taking appropriate action-reg.

Read : 1. Letter No. D-0058/PTN/ADGP (L&O)/2019 dtd 25.09.2019 from the Addl.Director General of Police Law& Order
2.Report No. 100/PTN-ADGP (L&O)/DCB/19/TC dtd 16.09.2019 from the Asst. Commissioner of Police Dist.Crime Branch TVPM City

**Order No : D1-7627/2019/SZ Dated, 29-09-2019**

The report read above prima facie revealed that Sri. Dileep Khan, Inspector of Police , ErumeliPS had committed grave dereliction of duty and official misconduct in connection with theinvestigation of case in crime Nos 603/2019 & 605/2019 registered at Erumely PS. He had misused his official position and does not follow the legal formalities while finding out andarresting the accused. This warrants stringent disciplinary action against him. **In thiscircumstances Sri.Dileep Khan, Inspector of Police, Erumely Police Station is placed under suspension with immediate effect.**

Also as empowered under Rule 8(1) (iii) of KPDIP&A Rules 1958, an Oral enquiry is ordered against Sri.Dileep Khan , Inspector of Polce, Erumely Police Station and Addl. Supdt.of Police Kottayam is authorized to conduct the enquiry. The enquiry officer should submit the draft MOC within 2 weeks and submit PR Minutes within two months. He would adhere to the time lineprescribed for the PR minutes.

Sri.Dileep Khan , Inspector of Police is eligible for subsistance allowance as per existing Rules.

Inspector General of Police
Zonal Office (South), Thiruvananthapuram

To : Sri.Dileep Khan , Inspector of Polce ,Erumely PS ( Through DPC KTM)
Three copies forwarded to DOC KTM for serving and return the dtd acknowledged copy .
DPC KTM will make necessary entries in the SB of the concerned.

Copy To : Copy with connected documents forwarded to Addl.SP KTM .for necessary action. He will prepare draft MOC and submit report within 15 days for approval. SPC for information .
ADGP L& O for infirmation
AG Kerala with C/L

30/09/19 THI-1550 5/11

2

File No. D1-7627/2019/SZ

## NOTE

**[C]rime Matters--Misconduct of Dileep Khan, IP, Erumeli PS-instruction for taking appropriate [actio]n-reg.**

1)

Sir, Letter and connected documents received from Additional Director General of Police, Law and Order, Kerala, Thiruvananthapuram regarding the Misconduct of Sri.Dileep Khan, Inspector of Police Erumely Police Station may kindly be seen at file view page.No. 2CF.

In the letter ADGP Law and Order is instructed to take appropriate action against Sri. Dileep Khan, Inspector of Police, Erumeli Police Station and report compliance.

Submitted For Kind Perusal and Orders.

D1(117263), Sunil Kumar S, Clerk
Sat, 28/09/2019 03:01:23 PM

2)

Sir
Please see the letter along with connected documents received from the ADGP L&O , directiong to initiate appropriate action against Sri. Dileep Khan IOP Erumeli PS.
Brief of the case is that a petitioner named Smt. Thaniya .C. Kattakkyam had filed a complaint before the Hon. CM regarding allegation against Sri. Dileep Khan Inspector of Police . In the petition she alleged that during the part of investigation in connection with a case registered against her husband at Erumely PS the police officer had physically and mentally tortured her and her father in police custody. An enquiry on the petition has been conducted through AC DCB TVPM city.
On enquiry it has been revealed that serious misconduct had occured on the part of Sri. Dileep Khan in this regard.
As ordered draft suspension order put up may please approved.

JS(139548), Suhura Beevi A, Junior Superintendent
Sat, 28/09/2019 04:53:34 PM

3)

Approved

IGP(324965), Balram Kumar Upadhyay IPS, Inspector General of Police
Sun, 29/09/2019 11:27:05 AM

No. 100/PTN-ADGP(L&O)/DCB/19/TC
പോലീസ് അസ്റ്റി.കമ്മീഷണറുടെ കാര്യാലയം
ജില്ലാ ക്രൈംബ്രാഞ്ച്,
തിരുവനന്തപുരം സിറ്റി.
തീയതി 16/09/2019

പ്രേഷകൻ

പോലീസ് അസ്സിസ്റ്റൻറ് കമ്മീഷണർ
ജില്ലാ ക്രൈംബ്രാഞ്ച്
തിരുവനന്തപുരം സിറ്റി

സ്വീകർത്താവ്

അഡിഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (L&O)
കേരളം

സർ,

വിഷയം :-ശ്രീമതി താനിയ. സി കട്ടക്കയം എന്നയാൾ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി അവർകൾക്ക് സമർപ്പിച്ച പരാതിയിൻമേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന :- No. 58/PTN/ADGP (L&O)/2019 dated 14/08/2019

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിച്ചു കൊള്ളുന്നു.

<u>പരാതികക്ഷി</u> : ശ്രീമതി. താനിയ.സി കട്ടക്കയം W/o തേജസ് എം. ജേക്കബ്
മങ്ങാട്ട് വീട്, വെൺകുറിഞ്ഞി പി.ഒ, മണിപ്പുഴ

എതിർകക്ഷികൾ : എരുമേലി CI ശ്രീ. ദിലീപ് ഖാനും മറ്റുള്ളവരും

<u>പരാതി സംഗതി</u>

പരാതിക്കാരിയുടെ ഭർത്താവിനെതിരെ എരുമേലി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിൻെറ പേരിൽ ഗർഭിണിയായ പരാതിക്കാരിയെയും ടിയാളുടെ പിതാവിനെയും മാനസികമായും ശാരീരികമായും പീഢിപ്പിച്ച എരുമേലി CI ദിലീപ് ഖാനെയും അതിന് കൂട്ടു നിന്ന പോലീസുകാരുടെയും പേരിൽ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ് പരാതി സംഗതി.

5 (5)

ഈ പരാതിയുടെഅന്വേഷണത്തിൻെറ ഭാഗമായി താഴെ പറയുന്ന സാക്ഷികളെ കണ്ടു ചോദിച്ച് അന്വേഷണം നടത്തിയിട്ടുള്ളതാണ്.

കണ്ടു ചോദിച്ചവർ

1) ഇടുക്കി താലൂക്കിൽ കട്ടപ്പന വില്ലേജിൽ വലിയപാറ ദേശത്ത് കട്ടക്കയം വീട്ടിൽ ലാലി ചാണ്ടി മകൾ താനിയ സി കട്ടക്കയം Age 29 (പരാതിക്കാരി)
2) ഇടുക്കി താലൂക്കിൽ കട്ടപ്പന വില്ലേജിൽ വലിയപാറ ദേശത്ത് കട്ടക്കയം വീട്ടിൽ ചാണ്ടി മകൻ കെ.സി. ചാണ്ടി Age 70
3) ഇടുക്കി താലൂക്കിൽ കട്ടപ്പന വില്ലേജിൽ വലിയപാറ ദേശത്ത് കട്ടക്കയം വീട്ടിൽ ഏലിക്കുട്ടി മകൾ ലാലി ചാണ്ടി Age 60
4) ആലപ്പുഴ ജില്ലയിൽ കണ്ണേമംഗലം താലൂക്കിൽ ആഞ്ഞിലിപ്ര ദേശത്ത് തിരുവാതിര വീട്ടിൽ ഓമന മകൾ സുമ Age 60
5) ഇടുക്കി താലൂക്കിൽ കഞ്ഞിയൂർ വില്ലേജിൽ ഹൗസ് നമ്പർ KP-14 കെ.സി. എബ്രഹാം മകൻ പ്രൈസ് എബ്രഹാം Age 42
6) കൽത്തൊട്ടിക്കരയിൽ കാഞ്ചിയാർ വില്ലേജിൽ കട്ടക്കയം വീട്ടിൽ കൊ.സി ജോസഫ് മകൻ സോണി ജോസഫ്
7) കോട്ടയം ജില്ലയിൽ എരുമേലി വില്ലേജിൽ മണിപ്പുഴ ദേശത്ത് മങ്ങാട്ടു വീട്ടിൽ തോമസ് ജേക്കബ് മകൻ തേജസ് ജേക്കബ് Age 38
8) കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി വില്ലേജിൽ മണിപ്പുഴക്കര മങ്കാട്ടു വീട്ടിൽ മറിയം മകൾ മറിയക്കുട്ടി Age 76
9) കോട്ടയം ജില്ലയിൽ എരുമേലി സൗത്ത് മുക്കൂട്ടുതറ കല്ലുപുരയ്ക്കൽ വീട്ടിൽ കല്യാണിയമ്മ മകൾ പ്രഭാവതി Age 55
10) എരുമേലി പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ SHO ശ്രീ. എം. ദിലീപ് ഖാൻ
11) കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷൻ CPO 7114 റിച്ചാർഡ് സേവ്യർ
12) കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷനിലെ SCPO 6875 നവാസ് KI
13) എരുമേലി പോലീസ് സ്റ്റേഷൻ WCPO 7382 സുനിതാ K.G
14) എരുമേലി പോലീസ് സ്റ്റേഷൻ WCPO 6153 രേഖാ റാം
15) മണിമല പോലീസ് സ്റ്റേഷൻ GSI ശ്രീ. വിദ്യാധരൻ
16) എരുമേലി പോലീസ് സ്റ്റേഷൻ CPO 7435 സെബീർ മുഹമ്മദ്

സാക്ഷി മൊഴികളുടെ ചുരുക്കം

കണ്ടു ചോദിച്ച 1-ാം സാക്ഷി പരാതികക്ഷിയാണ്. ടിയാളോട് ചോദിച്ചതിൽ ടിയാൾ BSc Nursing പാസ്സായി നിൽക്കുകയാണെന്നും 2016 ൽ എരുമേലി സ്വദേശിയായ തേജസ്സിനെ വിവാഹം കഴിച്ചുവെന്നും അതിൽ 1½ വയസ്സുള്ള മകളുണ്ടെന്നും ഇപ്പോൾ 8 മാസം

ഗർഭിണിയാണെന്നും യൂറോപ്യൻ രാജ്യങ്ങളിൽ ജോലിയ്ക്ക് പോകുവാനായി Occupation test എന്ന കോഴ്സ് പഠിക്കുവാൻ മാവേലിക്കരയിലുള്ള B-Ghud എന്ന സ്ഥാപനത്തിൽ ഏപ്രിൽ മാസം മുതൽ ചേർന്നുവെന്നും സ്ഥാപനത്തിൽ തൊട്ടടുത്തുള്ള സുമ ആൻറിയുടെ വീട്ടിൽ paying guest ആയി നിന്നു പഠിച്ചിരുന്നുവെന്നും 30/04/2019 ൽ ടിയാളുടെ ഭർത്താവ് തേജസ് ആരെയോ ദേഹോപദ്രവം ഏൽപ്പിച്ചതിന് എരുമേലി പോലീസ് സ്റ്റേഷനിൽ തേജസിനെതിരെ ഒരു കേസ് രജിസ്റ്റർ ചെയ്ത വിവരം തേജസ് ടിയാളോട് വിളിച്ച് പറഞ്ഞിരുന്നുവെന്നും 03/05/2019 വെളുപ്പിന് 1½ മണിയോടെ ടിയാൾ paying guest ആയി താമസിച്ച വീട്ടിൽ എരുമേലിയിൽ നിന്നും പോലീസ് വന്ന് ടിയാളെ അന്വേഷിച്ചുവെന്നും രാത്രിയായതിനാൽ സുമ ആൻറി പോലീസിനെ ടിയാളെ കാണാൻ അനുവദിച്ചില്ലായെന്നും പോലീസ് അവിടെ കാത്തു നിന്നുവെന്നും രാവിലെ 6½ യോടുകൂടി 2 വനിതാ പോലീസുദ്യോഗസ്ഥർ ടിയാളുടെ റൂമിൽ വന്ന് ഭർത്താവിനെതിരെ എരുമേലി പോലീസ് സ്റ്റേഷനിൽ കേസ് എടുത്ത വിവരം അറിയാമോ എന്ന് ചോദിച്ചുവെന്നും ഭർത്താവ് പറഞ്ഞ് കേസിൻെറ വിവരം ടിയാൾക്ക് അറിയാമെന്ന് ടിയാൾ മറുപടി പറഞ്ഞുവെന്നും ടിയാളുടെ മൊബൈൽ ഫോൺ വനിതാ പോലീസ് വാങ്ങിയെന്നും ഭർത്താവ് എവിടെയാണെന്ന് അറിയാമോയെന്ന് അന്വേഷിച്ചുവെന്നും തേജസിനെ കുറിച്ച് വിവരം ഒന്നും ഇല്ലായെന്ന് അവരോട് പറഞ്ഞുവെന്നും ടിയാളെ കോളേജിൽ പോകുന്നതിന് അനുവദിക്കാതെ റൂമിൽ ഇരുത്തിയിരുന്നുവെന്നും വീടിന് വെളിയിൽ 2 മെയിൽ പോലീസുദ്യോഗസ്ഥർ മഫ്റ്റിയിലുണ്ടായിരുന്നുവെന്നും 12 ½ മണിയോടുകൂടി സുമ ആൻറി വന്ന് ടിയാളെ മാവേലിക്കര പോലീസ് സ്റ്റേഷനിൽ കൊണ്ടു ചെല്ലണമെന്ന് പോലീസ് പറഞ്ഞുവെന്നും ടിയാളെ മാവേലിക്കര പോലീസ് സ്റ്റേഷനിൽ കൊണ്ടു പോയിയെന്നും വനിതാ പോലീസുകാർ ടിയാളെ മാവേലിക്കര CI യുടെ മുന്നിൽ കൊണ്ടു ചെന്നുവെന്നും അപ്പോൾ മെയിൽ പോലീസും CI യുടെ മുന്നിൽ വന്നുവെന്നും എന്തിനാണ് ഈ കുട്ടിയെ കൊണ്ടു വന്നതെന്ന് CI ചോദിച്ചപ്പോൾ ടിയാളുടെ ഭർത്താവ് തേജസ് എരുമേലിയിൽ 308 കേസിലെ പ്രതിയാണെന്നും. ടിയാൾ Absconding ആണെന്നും അയാളെ കുറിച്ച് ടിയാളോട് അന്വേഷിക്കുന്നതിനും Survailance നും വേണ്ടിയാണ് വന്നതെന്ന് പറഞ്ഞുവെന്നും CI ടിയാളോട് തേജസ് എവിടെയാണെന്ന് അന്വേഷിച്ചുവെന്നും ടിയാൾക്ക് അറിയില്ലായെന്ന് പറഞ്ഞുവെന്നും ടിയാൾ pregnant ആണെന്നും ശാരീരികാസ്വസ്ഥത അനുഭവപ്പെടുന്നുണ്ടെന്നും CI യോട് പറഞ്ഞുവെന്നും pregnant ആയ കുട്ടിയെ എന്തിന് സ്റ്റേഷനിൽ കൂട്ടികൊണ്ടു വന്നുവെന്ന് പോലീസിനോട് CI ചോദിച്ചുവെന്നും ടിയാളോട് ഓഫീസിൻെറ പുറത്ത് വെയിറ്റ് ചെയ്യുവാൻ പറഞ്ഞതനുസരിച്ച് വെയിറ്റ് ചെയ്തുവെന്നും ശാരീരികാസ്വസ്ഥത കൂടുന്ന വിവരം കൂടെയുണ്ടായിരുന്ന സുമ ആൻറിയോട് പറഞ്ഞുവെന്നും തുടർന്ന് മാവേലിക്കര പോലീസ് സ്റ്റേഷനിലെ പോലീസുകാർ ഒരു ടാക്സി പിടിച്ച് ആ വണ്ടിയിൽ 2 വനിതാ പോലീസുദ്യോഗസ്ഥരും ഒരു മെയിൽ പോലീസുദ്യോഗസ്ഥനും കയറിയെന്നും ടിയാളെയും കയറ്റി തട്ടാരമ്പലം VSM ആശുപത്രിയിൽ കൊണ്ടു പോയിയെന്നും അവിടെ ഗൈനക്കോളജിസ്റ്റ് ഇല്ലാത്തതിനാൽ ചെങ്ങന്നൂർ സഞ്ജീവനി ഹോസ്പിറ്റലിൽ പരിശോധിച്ച്

അറസ്റ്റ് ചെയ്തുവെന്നും ടിയാളെ അന്വേഷിച്ച് പോലീസ് വന്ന അതെ രാത്രിയിൽ തന്നെ കട്ടപ്പനയിലുള്ള ടിയാളുടെ കുടുംബ വീട്ടിൽ എരുമേലി CI യും പോലീസും ചെന്ന് അസുഖക്കാരനും 70 വയസ്സ് പ്രായവുമുള്ള ടിയാളുടെ ഡാഡിയെ CI ബലമായി വീട്ടിൽ നിന്ന് പിടിച്ചു കൊണ്ടു പോയിയെന്നും വൈകുന്നേരം 6 ½ മണിക്ക് ടിയാളുടെ പാപ്പാൻമാരുടെ മക്കളായ പ്രൈസ് എബ്രഹാമും സോണിയും എരുമേലി പോലീസ് സ്റ്റേഷനിൽ ചെന്നപ്പോഴാണ് വിട്ടയച്ചതെന്നും ടിയാളോ ടിയാളുടെ പിതാവോ ഭർത്താവ് പ്രതിയാകാൻ ഇടയായ കേസിൽ യാതൊരു തരത്തിലും ബന്ധപ്പെട്ടിട്ടില്ലായെന്നും യാതൊരു കുറ്റവും ചെയ്യാത്ത ടിയാളെ ടിയാൾ പഠിക്കുന്നതിനായി paying guest ആയി താമസിച്ചിരുന്ന വീട്ടിൽ നിന്നും രാത്രി വീട്ടിൽ വന്ന് അന്വേഷിക്കുകയും രാവിലെ വരെ വീട്ടിന്റെ വെളിയിൽ കാവൽ നിന്ന് 6 ½ മണിക്ക് റൂമിൽ പോലീസ് വന്ന് 6 ½ മുതൽ 12 ½ വരെ ടിയാളെ ടിയാളുടെ റൂമിൽ പഠിക്കാൻ പോകാൻ അനുവദിക്കാതെ പിടിച്ചിരുത്തിയും തുടർന്ന് 12 ½ ക്ക് മാവേലിക്കര സ്റ്റേഷനിൽ കൂട്ടി കൊണ്ടു പോയി മാനസികവും ശാരീരികമായും പീഡിപ്പിച്ചുവെന്നും ഇത്തരത്തിൽ ടിയാളുടെ പിതാവിനെ കട്ടപ്പനയിലുള്ള കുടുംബ വീട്ടിൽ നിന്നും രാത്രി 2 ½ യോടുകൂടി പിടിച്ചു കൊണ്ടു പോയി വൈകിട്ട് 6 ½ വരെ സ്റ്റേഷനിൽ ഇരുത്തുകയും അപമാനിക്കുകയും ചെയ്തുവെനന്നും ടിയാളെ അന്വേഷിച്ച് വന്ന വനിതാ പോലീസ് രേഖ, സുനിത എന്നിവരാണെന്നും മെയിൽ പോലീസിന്റെ പേര് അറിയില്ലായെന്നും ടിയാളെയും ടിയാളുടെ അച്ഛനെയും മാനസികമായും ശാരീരികമായും ബുദ്ധിമുട്ടിക്കുകയും അപമാനിക്കുകയും ചെയ്ത പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കണമെന്ന് മൊഴി നൽകിയിട്ടുള്ള ആളുമാകുന്നു.

കണ്ടു ചോദിച്ച 2-ാം സാക്ഷി പരാതികക്ഷിയുടെ പിതാവാണ്. ടിയാനെ കണ്ടു ചോദിച്ചതിൽ ടിയാന് 70 വയസ്സ് പ്രായമുണ്ടെന്നും ഷുഗറിന്റെയും പ്രഷറിന്റെയും Clostrol-ന്റെയും ചികിത്സയിൽ ആണെന്നും മരുന്ന് കഴിച്ചു കൊണ്ടിരിക്കുകയാണെന്നും ടിയാന്റെ മകൾ താനിയയെ എരുമേലിയിലുള്ള തേജസാണ് വിവാഹം കഴിച്ചതെന്നും മകൾക്ക് 1 ½ വയസ്സുള്ള പെൺകുട്ടിയുണ്ടെന്നും മകളിപ്പോൾ 8 മാസം ഗർഭിണിയാണെന്നും BSc Nursing കഴിഞ്ഞ് യൂറോപ്യൻ രാജ്യങ്ങളിൽ ജോലിക്കായി Occupation English test പഠിക്കുവാനായി മാവേലിക്കരയിലുള്ള ഒരു സ്ഥാപനത്തിൽ ചേർന്ന് പഠിക്കുകയായിരുന്നുവെന്നും സ്ഥാപനത്തിനടുത്തുള്ള വീട്ടിൽ paying guest ആയി നിന്നാണ് പഠിച്ചിരുന്നതെന്നും ടിയാനും ഭാര്യ ലാലി ചാണ്ടിയും മകളുടെ 1 ½ വയസ്സുള്ള പെൺകുഞ്ഞുമാണ് വീട്ടിലുള്ളതെന്നും 03/05/2019 തീയതി രാത്രി 2 ½ മണിയോടുകൂടി എരുമേലി പോലീസ് സ്റ്റേഷനിലെ CI യും പോലീസുകാരും ടിയാന്റെ വീട്ടിൽ വന്നുവെന്നും മകളുടെ ഭർത്താവ് തേജസ് എവിടെയെന്ന് ചോദിച്ചുവെന്നും ടിയാനറിയില്ലായെന്ന് പറഞ്ഞുവെന്നും ടിയാന്റെ മൊബൈൽ ഫോൺ വാങ്ങി ടിയാനെ ബലമായി പോലീസ് ജീപ്പിൽ കയറ്റിയെന്നും അപ്പോൾ ടിയാന്റെ വീട്ടിൽ

ടിയാൻെറ ഭാര്യയും മകളുടെ 1 ½ വയസ്സുള്ള കുഞ്ഞുമാത്രമാണ് ഉണ്ടായിരുന്നതെന്നും ടിയാനെ കൊണ്ടു പോകരുതെന്ന് പറഞ്ഞുവെങ്കിലും അവരെ തള്ളി മാറ്റി പോയതെന്നും മരുമകനെ അന്വേഷിച്ച് ടിയാനെയും കൊണ്ട് CI ബന്ധു വീട്ടിൽ പോയിയെന്നും CI യും ഡ്രൈവറും ഉൾപ്പടെ 5 പോലീസുകാർ ഉണ്ടായിരുന്നുവെന്നും രാത്രി 10 മണിയോട്ടു കൂടിയാണ് സ്റ്റേഷനിൽ കൊണ്ടു വന്നതെന്നും വൈകിട്ട് 6 ½ ക്ക് ടിയാൻെറ സഹോദരങ്ങളുടെ മക്കളായ പ്രൈസും സോണിയും വന്നതിന് ശേഷമാണ് എഴുതി വച്ച് വിട്ടതെന്നും DySP വന്ന് കണ്ടതിന് ശേഷമാണ് വിട്ടയച്ചതെന്നും മകൾ ചെങ്ങന്നൂർ സഞ്ജീവനി ആശുപത്രിയിൽ അഡ്മിറ്റാണെന്നുള്ള വിവരം DySP പറഞ്ഞാണ് അറിയുന്നതെന്നും ടിയാൻ സ്റ്റേഷനിൽ നിന്നും നേരെ ഹോസ്പിറ്റലിലേയ്ക്കാണ് പോയതെന്നും ഹോസ്പിറ്റലിൽ വച്ച് മകൾ പറഞ്ഞാണ് എരുമേലിയിൽ നിന്നും പോലീസുകാർ മകൾ താമസിച്ച വീട്ടിലും ടിയാനെ അന്വേഷിച്ചു വന്ന അതെ ദിവസം രാത്രി ചെന്നിരുന്നതായും ടിയാൻെറ മകളെ മാവേലിക്കര സ്റ്റേഷനിൽ കൂട്ടികൊണ്ടു പോയിയെന്നും സ്റ്റേഷനിൽ വച്ച് മകൾക്ക് ദേഹാസ്വാസ്ഥ്യം ഉണ്ടായതിനെ തുടർന്നാണ് ഹോസ്പിറ്റലിൽ അഡ്മിറ്റായതെന്നും മരുമകൻ എരുമേലി പോലീസ് സ്റ്റേഷനിലെ പ്രതിയായ കേസിൽ യാതൊരു കുറ്റവും ചെയ്യാത്ത ടിയാനെയും മകളെയും മാനസികമായും ശാരീരികമായും ബുദ്ധിമുട്ടിക്കുകയും അപമാനിക്കുകയും ചെയ്ത പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കണമെന്ന് മൊഴി നൽകിയിട്ടുള്ള ആളുമാകുന്നു.

കണ്ടു ചോദിച്ച 3-ാം സാക്ഷി പരാതിക്കാരിയുടെ അമ്മയാണ്. ടിയാൾ ഇപ്പോൾ ടിയാളുടെ മകൻ ഹർഷിത്തിനോടൊപ്പം കുവൈറ്റിലാണെന്ന് മകൾ പറഞ്ഞ് അറിഞ്ഞിട്ടുള്ളതും മകൻെറ കുവൈറ്റിലുള്ള നമ്പറിൽ ബന്ധപ്പെട്ട് ടിയാളുടെ മൊഴി രേഖപ്പെടുത്തിയിട്ടുള്ളതാണ്. ടിയാൾ പരാതിക്കാരിയുടെ അമ്മയാണെന്നും ഇപ്പോൾ മകനോടൊപ്പം കുവൈറ്റിലാണെന്നും 13/07/2019 നാണ് കുവൈറ്റിൽ വന്നതെന്നും കുടുംബ വീട്ടിൽ ടിയാളും ഭർത്താവും മകളും മകളുടെ 1½ വയസ്സുള്ള മകളുമായാണ് താമസിച്ചിരുന്നതെന്നും 03/05/2019 വെളുപ്പിനെ 2.30 മണിയോടെ എരുമേലി പോലീസ് വീട്ടിൽ വന്ന് മകളുടെ ഭർത്താവിനെ അന്വേഷിച്ചുവെന്നും അറിയില്ലെന്നു പറഞ്ഞപ്പോൾ ഭർത്താവിനെ ബലമായി ജീപ്പിൽ കയറ്റി കൊണ്ടു പോയിയെന്നും തടയാൻ ശ്രമിച്ച ടിയാളെ തട്ടി മാറ്റി കൊണ്ട് പോയിയെന്നും വൈകുന്നേരം 6.30 മണിയോട്ടുകൂടിയാണ് എരുമേലി പോലീസ് സ്റ്റേഷനിൽ നിന്നും വിട്ടയച്ചതെന്നും ഭർത്താവിൻെറ സഹോദരൻെറ മക്കളായ പ്രൈസും സോണിയും ചെന്നാണ് ഭർത്താവിനെ കൂട്ടി കൊണ്ടു വന്നതെന്നും ഭർത്താവിന് 70 വയസ്സ് പ്രായവും ഷുഗറും Cholastrol ഉൾപ്പടെയുള്ള അസുഖങ്ങൾക്ക് മരുന്ന് കഴിച്ചു

കൊണ്ടിരുന്നയാളാണെന്നും ഭർത്താവിനെ പിടിച്ചു കൊണ്ടു പോയ അതെ ദിവസം രാത്രി തന്നെ മകൾ താനിയ പഠിച്ചുകൊണ്ടിരുന്ന മാവേലിക്കരയിൽ അവൾ താമസിച്ചു കൊണ്ടിരുന്ന വീട്ടിൽ പോലീസ് ചെന്ന് അന്വേഷിക്കുകയും മകളെ പോലീസ് മാവേലിക്കര പോലീസ് സ്റ്റേഷനിൽ കൊണ്ടു പോയി മാനസികമായി പീഢിപ്പിക്കുകയും അപമാനിക്കുകയു ചെയ്തുവെന്നും യാതൊരു കുറ്റവും ചെയ്യാതെയാണ് ഭർത്താവിനെയും മകളെയും മാനസികമായി പീഢിപ്പിച്ചതെന്നും മൊഴി നൽകിയിട്ടുള്ളതുമാകുന്നു.

കണ്ടു ചോദിച്ച 4-ാം സാക്ഷി 1-ാം സാക്ഷി paying guest ആയി താമസിച്ചിരുന്ന വീടിന്റെ ഉടമസ്ഥയാണ്. ടിയാൾ മാവേലിക്കര B-Ghud എന്ന സ്ഥാപനത്തിനടുത്ത് വീട് വാടകയ്ക്ക് എടുത്ത് 8 ഓളം പെൺകുട്ടികളെ താമസിപ്പിച്ചു വരികയാണെന്നും 02/04/2019 മുതൽ 03/05/2019 വരെ Occupation English test എന്ന കോഴ്സ് പഠിക്കുന്നതിനായി വന്ന താനിയ ടി വീട്ടിൽ paying guest ആയി താമസിച്ചിരുന്നുവെന്നും 03/05/2019 വെളുപ്പിന് 12.30 മണിയോടുകൂടി എരുമേലി പോലീസ് സ്റ്റേഷനിൽ നിന്നും 2 വനിതാ പോലീസും 2 മെയിൽ പോലീസും താനിയെ അന്വേഷിച്ചു വന്നിരുന്നുവെന്നും പെൺകുട്ടികൾ മാത്രം താമസിക്കുന്ന വീടായതിനാൽ രാത്രി കാണാൻ പറ്റില്ലായെന്നു പറഞ്ഞുവെന്നും താനിയെ കണ്ടിട്ടെ പോകുകയുള്ളുവെന്ന് പറഞ്ഞ് പോലീസ് പുറത്തു നിന്നുവെന്നും രാവിലെ 6 മണി കഴിഞ്ഞ് വനിതാ പോലീസ് വന്ന് താനിയെ കാണണമെന്ന് ആവശ്യപ്പെട്ടതിനാൽ താനിയയുടെ മുറിയിൽ കൊണ്ടു പോയി കാണിച്ചു കൊടുത്തുവെന്നും ഭർത്താവിനെപ്പറ്റി ചോദിച്ചതിൽ താനിയ അറിയില്ലെന്നു പറഞ്ഞുവെന്നും മൊബൈൽ ഫോൺ വാങ്ങി 12.30 മണി വരെ മുറിയിൽ ഇരുത്തിയെന്നും അതിനു ശേഷം താനിയയെ മാവേലിക്കര പോലീസ് സ്റ്റേഷനിൽ കൊണ്ടു പോകണമെന്ന് പറഞ്ഞതിനാൽ ടിയാൾ ഓട്ടോ വിളിച്ച് താനിയയെ മാവേലിക്കര പോലീസ് സ്റ്റേഷനിൽ കൊണ്ടു പോയിയെന്നും പോലീസുകാർ പുറകെ വന്നുവെന്നും താനിയ 5 ½ മാസം ഗർഭിണിയായിരുന്നുവെന്നും മാവേലിക്കരയിലെ CI യുടെ മുറിയിലാണ് താനിയയെ കൊണ്ടു പോയതെന്നും കുറച്ച് കഴിഞ്ഞ് മുറിയിൽ നിന്നിറങ്ങിയ താനിയയ്ക്ക് വയറുവേദനയും ശാരീരിക ബുദ്ധിമുട്ടും ഉള്ളതായി പറഞ്ഞതിനാൽ പോലീസുകാർ തന്നെ ഹോസ്പിറ്റലിൽ കൊണ്ടു പോയി അഡ്മിറ്റ് ചെയ്തുവെന്നും മറ്റും പറഞ്ഞിട്ടുള്ളതുമാകുന്നു.

കണ്ടു ചോദിച്ച 5-ാം സാക്ഷി പരാതികക്ഷിയുടെ വലിയച്ഛന്റെ മകനാണ്. എരുമേലിയിലുള്ള തേജസാണ് താനിയയെ വിവാഹം കഴിച്ചതെന്നും 03/05/2019 തീയതി രാത്രി 2 മണിയോടുകൂടി പരാതികക്ഷിയുടെ പിതാവിനെ എരുമേലി CI യും പാർട്ടിയും വന്ന് പിടിച്ചു കൊണ്ടു പോയതായി ബന്ധുവായ കെ.എം. മാത്യു പറഞ്ഞാണ് അറിഞ്ഞതെന്നും തേജസ് കേസിലെ പ്രതിയായതിനാലാണ് പിടിച്ചു കൊണ്ടു പോയതെന്നും ടിയാനും

സോണിയും കൂടി വൈകുന്നേരം 5 മണിയോടുകൂടി എരുമേലി സ്റ്റേഷനിൽ എത്തി പോലീസിനോട് സംസാരിച്ച് 6.30 മണിയോടെ പരാതികക്ഷിയുടെ പിതാവിനെ കൂട്ടി പോയിയെന്നും ചെങ്ങന്നൂർ ഹോസ്പിറ്റലിൽ അഡ്മിറ്റായിരുന്ന മകളെയും കൂട്ടി പോകണമെന്ന് പറഞ്ഞാണ് എഴുതി ഒപ്പിട്ടുവിച്ച് വിട്ടതെന്നും പരാതികക്ഷിയുടെ പിതാവ് 70 വയസ്സ് പ്രായമുണ്ടെന്നും പലവിധ അസുഖങ്ങൾക്കും മരുന്ന് കഴിച്ചുകൊണ്ടിരിക്കുന്ന ആളാണെന്നും പരാതികക്ഷിയുടെ പിതാവിന് നിലവിൽ കേസുകൾ ഒന്നും ഇല്ലായെന്നും മറ്റും പറഞ്ഞിട്ടുള്ളതാകുന്നു.

കണ്ടു ചോദിച്ച 6-ാം സാക്ഷി പരാതികക്ഷിയുടെ കൊച്ചച്ഛന്റെ മകനാണ്. പരാതികക്ഷിയെ എരുമേലിയിലാണ് വിവാഹം കഴിച്ച് അയച്ചതെന്നും 03/05/2019 തീയതി രാത്രി ഉദ്ദേശം 2 മണിയോടുകൂടി പരാതികക്ഷിയുടെ പിതാവിനെ എരുമേലി CI യും പാർട്ടിയും ചേർന്ന് അറസ്റ്റ് ചെയ്തു കൊണ്ടു പോയതായി ബന്ധു മാത്യു വിളിച്ച് പറഞ്ഞ് അറിഞ്ഞുവെന്നും താനിയയുടെ ഭർത്താവ് കേസിലെ പ്രതിയായതിനെ തുടർന്നാണ് പിതാവിനെ കൊണ്ടു പോയതെന്ന " അറിഞ്ഞുവെന്നും ടിയാനും പ്രൈസ് എബ്രഹാമുമായി വിവരം അറിയാനായി എരുമേലി പോലീസ് സ്റ്റേഷനിൽ പോയിരുന്നുവെന്നും ടിയാന്മാരുടെ ജാമ്യത്തിൽ പരാതികക്ഷിയുടെ പിതാവിനെ വിട്ടു തരാമെന്ന് SI പറഞ്ഞുവെന്നും 6.30 മണിവരെ അവിടെ നിർത്തിയ ശേഷം DySP വന്നാണ് വിട്ടതെന്നും പോകുമ്പോൾ ചെങ്ങന്നൂർ സഞ്ജീവനി ആശുപത്രിയിലുള്ള താനിയെ കൂടി കൂട്ടികൊണ്ടു പോകണമെന്ന് പറഞ്ഞ് ഒപ്പിട്ടുവിച്ചാണ് വിട്ടതെന്നും പലവിധ അസുഖങ്ങൾക്കും മരുന്ന് കഴിച്ചുകൊണ്ടിരിക്കുന്ന ആളാണെന്നും സഞ്ജീവനി ആശുപത്രിയിലെത്തി താനിയയോട് ചോദിച്ചതിൽ വാടകയ്ക്ക് താമസിക്കുന്ന വീട്ടിൽ പോലീസ് ചെന്നിരുന്നുവെന്നും അവിടെ നിന്നും രാവിലെ വനിതാ പോലീസുകാർ മാവേലിക്കര പോലീസ് സ്റ്റേഷനിൽ എത്തിച്ചുവെന്നും സ്റ്റേഷനിൽ വച്ച് ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടതിനെ തുടർന്നാണ് പോലീസുകാർ ആശുപത്രിയിലെത്തിച്ചതെന്നും മറ്റും പറഞ്ഞിട്ടുള്ളതാകുന്നു.

കണ്ടു ചോദിച്ച 7-ാം സാക്ഷി പരാതികക്ഷിയുടെ ഭർത്താവാണ്. ടിയാനോട് ചോദിച്ചതിൽ ടിയാൻ വീടിനോട് ചേർന്ന് ഫർണ്ണിച്ചർ ഷോപ്പ് നടത്തുകയാണെന്നും 3 വർഷം മുമ്പ് പരാതികക്ഷിയ വിവാഹം കഴിച്ചുവെന്നും BSc Nursing പാസ്സായ പരാതികക്ഷി ഇപ്പോൾ 8 മാസം ഗർഭിണിയാണെന്നും പ്രഗ്നൻസിയോടനുബന്ധിച്ചാണ് നാട്ടിൽ വന്നതെന്നും 2019 ഏപ്രിൽ മാസം മുതൽ പരാതികക്ഷിയെ ഇംഗ്ലീഷ് ഭാഷാ പരിശീലനത്തിനുള്ള OET കോഴ്സിനായി മാവേലിക്കരയിലെ B-Ghud ൽ ചേർത്തുവെന്നും അവിടെ സുമയെന്ന സ്ത്രീയുടെ വീട്ടിലാണ് paying guest ആയി താമസിച്ചിരുന്നതെന്നും ടിയാന്റെ ഭാര്യയുടെ വീട്ടിൽ അമ്മയും

അച്ഛനും മാത്രമാണുള്ളതെന്നും ടിയാന്റെ വീടിനടുത്ത് എരുമേലിയിലുള്ള ,അലക്സ് ഐപ്പ് എന്നയാൾ ടിയാന്റെ പിക്കപ്പ് വാൻ ഡ്രൈവറായിരുന്നുവെന്നും അയാൾ ജോലി ആവശ്യപ്പെട്ടതുകൊണ്ട് പ്രതിമാസം 5000/- രൂപ ശമ്പളവും ദിവസവും 100/- വീതം ഭക്ഷണത്തിനായും നൽകിയിരുന്നുവെന്നും അയാളോടൊപ്പം അയാളുടെ അമ്മ പ്രഭാവതിയും കൂടിയാണ് താമസിക്കുന്നതെന്നും ടിയാന്റെ ഭാര്യ സൗദിയിൽ നിന്നും കൊണ്ടു വന്ന Samsung tab ൽ കടകളിൽ നിന്നും order എടുക്കുന്നതും ഫർണ്ണിച്ചറിന്റെ മോഡലും അയാൾ Lap top ൽ upload ചെയ്ത് കാണിക്കാമെന്ന് അയാൾ ആവശ്യപ്പെട്ടതിനാൽ ടിയാൻ Lap top അലക്സിന് നൽകിയെന്നും തുടർന്ന് ഭാര്യയ്ക്ക് Lap top പഠിക്കുന്നതിന് ആവശ്യം വന്നതിനാൽ ടിയാനെ അത് തിരികെ വേണമെന്ന് അലക്സിനോട് ആവശ്യപ്പെട്ടുവെന്നും കുറച്ച് ദിവസങ്ങൾക്ക് ശേഷവും tab അലക്സ് ഐപ്പിന്റെ കൈവശം കാണാത്തതിനാൽ തിരികെ നൽകണമെന്ന് വീണ്ടും ആവശ്യപ്പെട്ടുവെന്നും tab നെ കുറിച്ച് ചോദിക്കുമ്പോൾ അലക്സ് ഐപ്പ് ഒഴിഞ്ഞു മാറുകയും ഫോൺ attend ചെയ്യാതെയും ജോലിയ്ക്ക് വരാതെയും ആയിയെന്നും Wife ന്റെ Exam ആവശ്യത്തിനായി വേണ്ടതിനാൽ അലക്സ് ഐപ്പിന്റെ വീട്ടിൽ പോയി വാങ്ങാൻ തീരുമാനിച്ച പ്രകാരം 30/04/2019 ൽ ടിയാനും ടിയാന്റെ കൂട്ടുകാരനായ അൻസറുമായി ടിയാന്റെ കാറിൽ അലക്സ് ഐപ്പിന്റെ വീട്ടിലേയ്ക്ക് പോകാൻ രാവിലെ 9.30 മണിയോടെ ഇറങ്ങിയെന്നും അയാളുടെ വീട് കൃത്യമായി അറിയാത്തതിനാൽ പരിസരത്ത് അന്വേഷിച്ചു കൊണ്ടിരുന്നപ്പോൾ MES കോളനി ജംഗ്ഷനിലേയ്ക്ക് പോകുന്ന വഴിയ്ക്ക് അലക്സ് ഐപ്പ് പോകുന്നത് കണ്ടുവെന്നും ടിയാൻ കൈകാണിച്ചിട്ടും ടിയാൻ നിർത്താതെ പോയിയെന്നും ടിയാനും അൻസറും കൂടി അവന്റെ പുറകെ കാറുമായി പോയിയെന്നും കുറച്ചു ദൂരം കഴിഞ്ഞ് അയാളെ കാണാത്തതിനാൽ ടിയാന്മാർ മടങ്ങി പോയിയെന്നും ടിയാൻ മുക്കൂട്ടുതറ സാധനങ്ങൾ വാങ്ങികൊണ്ട് നിൽക്കുമ്പോൾ അലക്സ് ഐപ്പ് അവിടെ വരുന്നത് കണ്ടുവെന്നും ടിയാൻ ഐപ്പുമായി tap ന്റെ കാര്യം ചോദിച്ചുവെന്നും tap വീട്ടിലിരിക്കുകയാണെന്ന് ഐപ്പ് പറഞ്ഞുവെന്നും അതെടുക്കുവാനായി ടിയാൻ ഐപ്പിനെ കയറ്റി അയാളുടെ വീട്ടിലേയ്ക്ക് പോയിയെന്നും അൻസറിനോട് ഐപ്പിന്റെ വണ്ടി എടുത്ത് ടിയാന്റെ കാറിനു പുറകെ വരുവാൻ ടിയാനോട് പറഞ്ഞുവെന്നും വണ്ടിയിൽ വച്ച് tap ബൈക്കിൽ തന്നെയുണ്ടെന്ന് ഐപ്പ് . ടിയാനോട് പറഞ്ഞുവെന്നും അൻസറിനെ വിളിച്ച് ബൈക്കിൽ tap ഉണ്ടോയെന്ന് നോക്കുവാൻ ടിയാൻ പറഞ്ഞുവെന്നും tap ബൈക്കിലുണ്ടെന്ന് അൻസർ പറഞ്ഞുവെന്നും tap പൊട്ടിയ വിവരം ഐപ്പിനോട് ചോദിച്ചപ്പോൾ ഒന്നും പറഞ്ഞില്ലായെന്നും തുടർന്ന് ഐപ്പുമായി ടിയാന്റെ വീട്ടിൽ വന്നുവെന്നും അൻസറിനോട് tap ഉം ആയി വീട്ടിലേയ്ക്ക് വരാൻ പറഞ്ഞുവെന്നും tap പൊട്ടി നാശമായിരിക്കുന്നത് കണ്ട ടിയാൻ tap പൊട്ടിയതെങ്ങനെയെന്ന് ചോദിച്ചുകൊണ്ട്

12

ഐപ്പിൻെറ ഷർട്ടിൽ കയറി പിടിച്ചുവെന്നും ടിയാൻെറ അച്ഛനും സഹോദരനും കൂടി ടിയാനെ പിടിച്ചു മാറ്റിയിട്ട് tap നന്നാക്കിയെടുക്കാമെന്ന് പറഞ്ഞുവെന്നും ശേഷം ഐപ്പ് എരുമേലി ചാലക്കുഴിയിലുള്ള ഒരു വീട്ടിൽ interior ചെയ്തതിൻെറ പൈസ വാങ്ങി തിരികെ വീട്ടിലെത്തിയെന്നും അല്പം കഴിഞ്ഞ് ഐപ്പിൻെറ അമ്മ ടിയാനെ ഫോൺ വിളിച്ചിട്ട് ഐപ്പിന് ഫോൺ കൊടുക്കുവാൻ ആവശ്യപ്പെട്ടുവെന്നും അയാൾ അമ്മയുമായി സംസാരിച്ചുവെന്നും തുടർന്ന് അവരോട് ഐപ്പ് ടിയാൻെറ tap നശിപ്പിച്ചതിനെപ്പറ്റിയും ടിയാനിൽ നിന്നും ഐപ്പ് വാങ്ങിയ 15,000/- രൂപയെപ്പറ്റിയും അയാളെ ഇനി മുതൽ ജോലിക്ക് വേണ്ടായെന്നും പറഞ്ഞുവെന്നും ഐപ്പിൻെറ അമ്മ പൈസ തിരികെ തരുവാൻ യാതൊരു മാർഗ്ഗവുമില്ലെന്ന് പറയുകയും ഭക്ഷണം കഴിച്ച് പിരിയുകയും ചെയ്തുവെന്നും വൈകുന്നേരം 5 മണിയോടെ ടിയാൻ ഐപ്പിനെ ഫോണിൽ വിളിച്ചപ്പോൾ വയറുവേദനയായതിനാൽ 6 മണിക്ക് വരാമെന്നു പറഞ്ഞുവെന്നും വീണ്ടും വിളിച്ചപ്പോൾ എരുമേലി ഹോസ്പിറ്റലിൽ പോയി മരുന്ന് വാങ്ങിയിട്ട് വരുന്നതെയുള്ളുവെന്ന് പറഞ്ഞുവെന്നും കുറച്ച് സമയം കഴിഞ്ഞ് ഐപ്പിൻെറ അമ്മ വിളിച്ചിട്ട് ഐപ്പിനെയും കൊണ്ട് ആശുപത്രിയിൽ പോകുകയാണെന്നും പോലീസിൽ പരാതി കൊടുക്കുമെന്നും പെണ്ണ് കേസിലും POCSO കേസിലും ഉൾപ്പെടുത്തുമെന്നും പറഞ്ഞുവെന്നും ടിയാനെതിരെ കേസ് എടുത്ത കാര്യം അറിഞ്ഞ് അറസ്റ്റ് ചെയ്യുമെന്ന് കരുതി മാറി നിന്നുവെന്നും പിന്നീട് ഐപ്പിനെ ഉപദ്രവിച്ചതിനും ടിയാനും അൻസറും കൂടി ഐപ്പിൻെറ അമ്മയെ അപമാനിച്ചതിനും 2 കേസുകൾ MLA PC ജോർജ് മുൻവിരോധത്താൽ എടുപ്പിച്ചുവെന്നും ഇൻസ്പെക്ടർ ദിലീപ് ഖാൻെറ നേതൃത്വത്തിൽ ടിയാനെ അന്വേഷിച്ചു വന്നുവെന്നും ടിയാൻെറ അമ്മയേയും ജ്യേഷ്ഠനെയും ജോലിക്കാരെയും ഭീഷണിപ്പെടുത്തിയെന്നും 03/05/2019 രാത്രി 2 മണിയോടെ എരുമേലി ഇൻസ്പെക്ടറും പോലീസും ടിയാൻെറ ഭാര്യവീട്ടിൽ ചെന്നുവെന്നും അവിടെ ടിയാൻെറ ഭാര്യയുടെ അച്ഛനും അമ്മയും മകളും മാത്രമേയുണ്ടായിരുന്നുള്ളുവെന്നും അമ്മയെ പിടിച്ചു തള്ളി ഭാര്യയുടെ അച്ഛനെ ഇൻസ്പെക്ടർ ബലമായി ജീപ്പിൽ കയറ്റി കൊണ്ടു പോയിയെന്നും തുടർന്ന് ഭാര്യയുടെ അച്ഛനെ എരുമേലി സ്റ്റേഷനിൽ കൊണ്ടു പോയി ഇരുത്തിയെന്നും High Sugar Patient ആയ ഭാര്യയുടെ അച്ഛനെ മരുന്ന് എടുക്കാതെയാണ് കൊണ്ടു പോയതെന്നും അന്നേദിവസം രാത്രിയിൽ തന്നെ എരുമേലിയിലെ SI യും വനിതാ പോലീസുദ്യോഗസ്ഥരും ടിയാൻെറ ഭാര്യ paying guest ആയി താമസിച്ചിരുന്ന വീട്ടിൽ ചെന്ന് ടിയാനെ അന്വേഷിക്കുകയും തുടർന്ന് വെളിയിൽ നിന്ന പോലീസുദ്യോഗസ്ഥരിൽ 2 വനിതാ പോലീസുകാർ രാവിലെ 6 മണിയോടെ ടിയാൻെറ ഭാര്യ താമസിക്കുന്ന വീട്ടിൽ ചെന്ന് ടിയാനെ അന്വേഷിക്കുകയും മൊബൈൽ ഫോൺ പരിശോധിക്കുകയും ഭാര്യയെ കൂട്ടികൊണ്ട് മാവേലിക്കര പോലീസ് ഇൻസ്പെക്ടറുടെ അടുത്ത് ഹാജരാക്കിയെന്നും ഗർഭിണിയായിരുന്ന ഭാര്യയ്ക്ക് അസ്വസ്ഥതയുണ്ടാകുകയും

(13)

പോലീസുകാർ തന്നെ സഞ്ജീവനി ഹോസ്പിറ്റലിൽ കൊണ്ടു പോയിയെന്നും പിറ്റേ ദിവസം ഭാര്യ ഹോസ്പിറ്റലിൽ നിന്നും ഡിസ്ചാർജായി അവളുടെ വീട്ടിലേക്ക് പോയെന്നും എരുമേലി ജമാഅത്ത് പള്ളിയുടെ ഭരണസമിതി തിരഞ്ഞെടുപ്പ് 2018- ലായിരുന്നുവെന്നും പഴയതാവളം വീട്ടിലെ ഇർഷാദ് ആയിരുന്നു പള്ളിയിലെ പ്രസിഡൻെറന്നും പുതിയ ഭരണസമിതി തെരഞ്ഞെടുപ്പിൽ ഇരുവീട്ടുകാരും തമ്മിൽ മത്സരമുണ്ടായിരുന്നുവെന്നും വലിയ പോലീസ് സന്നാഹത്തോടെയായിരുന്നു തിരഞ്ഞെടുപ്പ് നടത്തിയതെന്നും ഭരണസമിതി പഴയതാവളം വീട്ടുകാർക്ക് തന്നെ കിട്ടിയെന്നും പഴയതാവളം വീട്ടുകാരിൽ CPM –കാരും കോൺഗ്രസുകാരുമുണ്ടെന്നും പുത്തൻ വീട്ടുകാർ ആദ്യം SDPI യും പിന്നീട് പി.സി.ജോർജിൻെറ ജനപക്ഷം പാർട്ടിയിലും ചേർന്നുവെന്നും 04.07.2018-ൽ പഴയതാവളം വീട്ടിലെ അൻസാരിയെയും ഫൈസലിനെയും എരുമേലിയിൽ വച്ച് പുത്തൻ വീട്ടുകാരായ മിത്ത് ലാജ്, മിശ്നാദ്, ഇൻക്രു എന്നിവർ ചേർന്ന് കമ്പിവടിക്കും മറ്റും ദേഹോപദ്രവമേല്പിച്ചുവെന്നും അതിന് എരുമേലി പോലീസ് സ്റ്റേഷനിൽ 307 IPCയ്ക്ക് കേസെടുത്തെന്നും മിത്ത് ലാജും മറ്റും പി.സി ജോർജിൻെറ പാർട്ടി ആഫീസിലും വീട്ടിലുമായിരുന്നു ഒളിവിൽ കഴിഞ്ഞിരുന്നതെന്നും പോലീസ് സ്റ്റേഷനടുത്ത് ഫർണിച്ചർ കടയും ശബരിമല സീസണിൽ ഹോട്ടലും മറ്റും നടത്തുന്നതുകൊണ്ട് ടിയാന് സി.ഐ യേയും മറ്റും പരിചയമുണ്ടായിരുന്നെന്നും സി.ഐ യോട് പറഞ്ഞ് കേസിലെ സെക്ഷൻ കുറച്ച് Bailable കേസാക്കി മാറ്റുന്നതിന് പുത്തൻ വീട്ടുകാർ ടിയാനോട് പറഞ്ഞിരുന്നെന്നും പക്ഷെ, ടിയാൻ ഇടപെട്ടില്ലായെന്നും ടിയാൻ പഴയതാവളം വീട്ടുകാരോട് ചേർന്ന് അവരെ ദ്രോഹിക്കുകയാണെന്ന് പി.സി ജോർജിനോട് പറഞ്ഞ് തെറ്റിദ്ധരിപ്പിച്ചും പി.സി ജോർജ് പറഞ്ഞിട്ടും കേൾക്കാത്തതു കൊണ്ട് അവിടത്തെ സി.ഐ സുനിൽ സാറിനും ടിയാനുമെതിരെ പി.സി.ജോർജ് വളരെ മോശമായി പ്രസംഗിച്ചെന്നും ടിയാനെതിരെ കള്ളകേസ് എടുത്തതിന് ടിയാൻ ബഹു. ഹൈക്കോടതിയിൽ WP© 14297/19 ആയി കേസ് ഫയൽ ചെയ്തതിനെ തുടർന്ന് അന്വേഷണം ജില്ലാ ക്രൈം ബ്രാഞ്ച് DySP യെ ഏൽപ്പിച്ചുവെന്നും ടിയാനെതിരെ രജിസ്റ്റർ ചെയ്ത എരുമേലി പോലീസ് സ്റ്റേഷൻ ക്രൈം 603/19, 605/19 എന്നിവ സത്യസന്ധമായി നടത്തുന്നതിനും യാതൊരു തെറ്റുകളും ചെയ്യാത്ത ടിയാൻെറ ഭാര്യയേയും ഭാര്യ പിതാവിനെയും മാനസികമായും മറ്റും പീഡിപ്പിച്ച കാരണക്കാരായ പോലീസുദ്യോഗസ്ഥർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനാണ് ടിയാൻെറ ഭാര്യ മുഖ്യമന്ത്രിയ്ക്ക് പരാതി നൽകിയതെന്നും മറ്റും പറഞ്ഞിട്ടുള്ളതാകുന്നു.

കണ്ടു ചോദിച്ച 8-ാം സാക്ഷി പരാതികക്ഷിയുടെ ഭർത്താവിൻെറ അമ്മയാണ്. ടിയാളോട് ചോദിച്ചതിൽ തേജസിൻെറ ഭാര്യ 8 മാസം ഗർഭിണിയാണെന്നും അവർക്ക് 1½

വയസ്സുള്ള മകളുണ്ടെന്നും തേജസിൻെറ ബിസിനസ്സുമായി ബന്ധപ്പെട്ടിട്ടുള്ള വാഹന ഡ്രൈവറായിരുന്ന അലക്സ് ഐപ്പെന്നും ഏപ്രിൽ മാസം 30-ാം തീയതി അലക്സും തമ്മിൽ ഉച്ചത്തിൽ സംസാരിച്ച കാര്യം അന്വേഷിച്ചപ്പോഴാണ് തേജസിൻെറ കൈ നിന്നും വാങ്ങിയ Tap അലക്സ് പൊട്ടിച്ചതറിഞ്ഞതെന്നും കുറച്ച് ദിവസം കഴിഞ്ഞ് അലക്സ് തിരികെ തരികയും അയാളുടെ അമ്മ പ്രഭാവതിയും കൂടെ വന്ന് വീട്ടിൽ നിന്നും ചായ കുടി പിരിഞ്ഞുവെന്നും മറ്റും പറഞ്ഞിട്ടുള്ളതുമാകുന്നു.

കണ്ടു ചോദിച്ച 9-ാം സാക്ഷി പരാതികക്ഷിയുടെ ഭർത്താവിൻെറ സ്റ്റാഫ് ആയിരുന്ന അലക്സ് ഐപ്പിൻെറ അമ്മയാണ്. ടിയാളോട് ചോദിച്ചതിൽ മകൻ ഡ്രൈവറാണെന്നും തേജസിനെ ടിയാൾക്ക് അറിയാമെന്നും 30/04/2019 തീയതിയിൽ തേജസും അയാളുടെ സുഹൃത്ത് അൻസറും ടിയാളുടെ വീട്ടിലെത്തി ടിയാളുടെ മകനെ തിരക്കുകയും ടിയാളുടെ മകൻ നൽകുവാനുള്ള പണം ചോദിച്ച തേജസ് മുറിക്കുള്ളിൽ കയറി ഭിത്തിയിൽ ടിയാളുടെ തല ഇടിപ്പിച്ചും ടിയാളുടെ കക്ഷത്തിൽ കൂടി കൈയിട്ട് തറയിൽ പൊക്കിയിട്ടും ബാലൻസ് തെറ്റിയ ഇരുവരും തറയിൽ വീണു ടിയാളെ ദേഹോപദ്രവം ഏൽപ്പിച്ചത് തേജസാണെന്നും അൻസർ ഉപദ്രവിച്ചിട്ടില്ലെന്നും ടിയാളുടെ മകൻ ബൈക്കുമായി മുക്കൂട്ടുതറ KOT റോഡിനു സമീപമുള്ള കല്ലുതുറക്കൽ വീട്ടിൽ പോയിയെന്നും അപ്പോൾ അൻസറും തേജസും KL-42-F-7475 എന്ന ചുമന്ന കാറിലാണ് വീട്ടിലെത്തിയതെന്നും മകൻ വീട്ടിലെത്തുന്നതിന് മുമ്പ് തന്നെ തേജസ് അവനെ കാർ കൊണ്ട് ഇടിച്ചിട്ടുവെന്നും തേജസ് കാറിൽ നിന്നും ഇറങ്ങി ടിയാളുടെ മകനെ ഇടിച്ചുവെന്നും അൻസർ വയറിൽ ചവിട്ടിയതിനു ശേഷം കാറിലെടുത്തിട്ടതായി അനീഷ് ഫോൺ ചെയ്തു ടിയാളോട് പറഞ്ഞുവെന്നും ഉടൻ ടിയാൾ തേജസിൻെറ വീട്ടിലെത്തിയെന്നും മകൻെറ കണ്ണിനടിയിൽ നീലിച്ചും ചുവന്നും കാണപ്പെട്ടപ്പോൾ ടിയാൻ കാര്യം തിരക്കിയെന്നും അപ്പോൾ അൻസറിൽ നിന്നും തേജസ് വാങ്ങി ടിയാളുടെ മകന് നൽകിയ പൈസ തിരികെ നൽകാത്തതിന് അൻസർ അടിച്ചതാണെന്ന് തേജസ് പറഞ്ഞുവെന്നും തുടർന്ന് ഡ്യൂട്ടി കഴിഞ്ഞു വന്ന ടിയാൾ ഛർദ്ദിച്ച് അവശനായി കിടന്ന മകനെ കാഞ്ഞിരപ്പള്ളിയിലെ താലൂക്ക് ആശുപത്രിയിൽ കൊണ്ടു പോയിയെന്നും തുടർന്ന് കോട്ടയം മെഡിക്കൽ കോളേജിലേയ്ക്ക് Refer ചെയ്തുവെന്നും ടിയാളെ ദേഹോപദ്രവം ഏൽപ്പിച്ചതിനും മര്യാദ ലംഘനം നടത്തിയതിനും ടിയാളുടെ മകനെ ദേഹോപദ്രവം ഏൽപ്പിച്ചതിനും എരുമേലി പോലീസ്. സ്റ്റേഷനിൽ കേസുകൾ എടുത്തിട്ടുണ്ടെന്നും ശേഷം തേജസ് ടിയാനെതിരെ പല പരാതികളും കൊടുക്കുന്നുണ്ടെന്നും അവിടെയെല്ലാം പോയി സ്റ്റേറ്റുമെൻറ് കൊടുക്കുവാൻ ടിയാൾക്ക്

കഴിയുന്നില്ലെന്നും അവർ ടിയാളെയും കെനെയും അപായപ്പെടുത്തുമെന്ന് ഭയക്കുന്നുവെന്നും ടിയാൾക്ക് നീതി കിട്ടിയിട്ടില്ലായെന്നും മറ്റും പറഞ്ഞിട്ടുള്ളതാകുന്നു.

കണ്ടു ചോദിച്ച 10-ാം സാക്ഷി എരുമേലി പോലീസ് സ്റ്റേഷനിലെ ഇൻസ്പെക്ടർ SHO ആയി ചുമതല വഹിക്കുന്നയാളും ടിയാനോട് ചോദിച്ചതിൽ എരുമേലി കല്ലുപുരയ്ക്കൽ വീട്ടിൽ അലക്സ് ഐപ്പ് എന്നയാളുടെ പരാതി പ്രകാരം തേജസ് 1-ാം പ്രതിയായും അൻസാർ നസീം 2-ാം പ്രതിയായും 01/05/2019 തീയതിയിൽ എരുമേലി പോലീസ് സ്റ്റേഷൻ ക്രൈം 603/19-ഉം 02/05/2019 തീയതിയിൽ അലക്സ് ഐപ്പിന്റെ അമ്മ, പ്രഭാവതിയുടെ പരാതിയിന്മേൽ എരുമേലി പോലീസ് സ്റ്റേഷൻ ക്രൈം 605/19 U/s 294(b), 452, 323, 506(1), 354 & 34 IPC പ്രകാരം മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും രണ്ടിന്റെയും അന്വേഷണ ഉദ്യോഗസ്ഥൻ ഗ്രേഡ് SI ജോയ് തോമസ് ആയിരുന്നുവെന്നും രണ്ട് കേസിന്റെയും 1-ാം പ്രതിയായ തേജസിന്റെ ഭാര്യ താനിയ പഠിക്കുന്ന മാവേലിക്കരയിലുള്ള Home Stay-ൽ വന്നു പോകാൻ സാധ്യതയുണ്ടെന്നും അതിനാൽ അവിടെ Survailance duty ഇടണമെന്ന് ജില്ലാ പോലീസ് മേധാവി നിർദ്ദേശിച്ചുവെന്നും സ്റ്റേഷനിലെ വനിതാ CPO മാരായ സുനിതയേയും രേഖാറാമിനെയും ടി ഡ്യൂട്ടിയ്ക്കായി ചുമതലപ്പെടുത്തിയെന്നും അവരെ പോലീസ് ജീപ്പിൽ കൊണ്ടു പോയത് ഗ്രേഡ് SI വിദ്യാധരനും CPO ശ്രീരാജും Home guard അനിൽ കുമാറും ആയിരുന്നുവെന്നും 02/05/2019 തീയതി രാത്രി 10.30 മണിയോടുകൂടി വനിതാ ഉദ്യോഗസ്ഥരെ Survailance duty യ്ക്കായി നിയോഗിച്ചിട്ടുള്ളതും അന്നേദിവസം തന്നെ പുരുഷ പോലീസുകാർ ടി ജീപ്പിൽ തന്നെ മടങ്ങി വന്നിട്ടുള്ളതും പിറ്റേദിവസം മഫ്ടിയിൽ CPO മാരായ സതീഷിനേയും സബീറിനേയും തേജസ് Home Stay ഭാഗത്തു വരുന്നുണ്ടോയെന്ന് അറിയാൻ ചുമതലപ്പെടുത്തിയെന്നും ടിയാൻ പറഞ്ഞതനുസരിച്ച് മഫ്ടിയിൽ വനിത പോലീസുകാരായ സുനിതയും രേഖാറാമും Home Stay നടത്തുന്ന സുമാദേവിയുടെയും മകളുടെയും സാന്നിദ്ധ്യത്തിൽ തേജസിന്റെ ഭാര്യ താനിയയോട് സംസാരിച്ചുവെന്നും തേജസ് അയാളുടെ ഭാര്യയെ ഹോസ്പിറ്റലിൽ കൂട്ടി കൊണ്ടു പോകുന്നതിനായി വന്നിട്ടുണ്ടായിരുന്നുവെന്നും അതിനു ശേഷം അവിടെ വരാറില്ലായിരുന്നുവെന്നും തേജസിന്റെ ഭാര്യ മഫ്ടിയിലുള്ള വനിതാ പോലീസുകാരോട് പറഞ്ഞതായും ടിയാൻ അറിഞ്ഞുവെന്നും തേജസിന്റെ ഭാര്യയുടെ കട്ടപ്പനയിലുള്ള വീട്ടിലെ ലാന്റ് ഫോണിൽ നിന്നും തേജസിന്റെ അമ്മയുടെ ഫോണിലേയ്ക്കും കൂടാതെ തേജസിന്റെ ജോലിക്കാരനേയും വിളിച്ചിട്ടുള്ളതായി വെളിവായിട്ടുള്ളതിനാൽ മേലുദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം ടിയാനും DYSPയുടെ സ്ക്വാഡിലെ പോലീസുകാരായ ബിനോയ്, റിച്ചാർഡ്, നവാസ് എന്നിവരുമായി ടി വീട്ടിലെത്തിയെന്നും അപ്പോൾ തേജസ് ഹോംസ്റ്റേയിൽ പോയിരുന്നുവെന്നും ഫോൺ

വന്നിരുന്നുവെന്ന്. ഭാര്യാ പിതാവ് പറഞ്ഞുവെന്നും തേജസ് മാറി നിൽക്കാൻ സാധ്യ അയാളുടെ ബന്ധുവീടുകൾ കാണിച്ചുതരുന്നതിലേയ്ക്ക് ടിയാൻെറ ഭാര്യപിതാവിനെ കൂട്ടി പോയി ടി സ്ഥലങ്ങളിൽ പരിശോധിച്ചിട്ടുണ്ടെന്നും തുടർന്ന് സ്റ്റേഷനിൽ കൂട്ടിക്കൊ വന്നുവെന്നും ആ സമയം ടിയാൻ നേരത്തെ കഴിച്ചുകൊണ്ടിരുന്ന മരുന്നുകളും ഭക്ഷണ വാങ്ങി കൊടുത്തിരുന്നുവെന്നു അയാളുടെ സമ്മതത്തോടു കൂടിയാണ് അയാൾ ടിയാൻമാരോടൊപ്പം വന്നതെന്നും ടി സമയം അയാൾക്ക് ശാരീരികമോ മാനസികമോ ആയ യാതൊരു ബുദ്ധിമുട്ടുകളും ഉണ്ടായിട്ടില്ലായിരുന്നുവെന്നും അന്നേ ദിവസംതന്നെ വൈകിട്ട് അയാളെ ബന്ധുക്കളെ കൂട്ടി അയച്ചുവെന്നും ടി രണ്ട് കേസുകളുടേയും അന്വേഷണം ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം കോട്ടയം ജില്ലാ ക്രൈം ബ്രാഞ്ചിന് കൈമാറിട്ടുണ്ടെന്നും മറ്റും പറഞ്ഞിട്ടുള്ളതുമാകുന്നു.

കണ്ടു ചോദിച്ച 11-ഉം 12-ഉം സാക്ഷികൾ ഇൻസ്പെക്ടർ SHO ശ്രീ. ദിലീപ് ഖാനോടൊപ്പം ഡ്യൂട്ടിയിൽ ഉണ്ടായിരുന്നവരും തേജസിൻെറ ഭാര്യ പിതാവിൻെറ വീട്ടിൽ ഇൻസ്പെക്ടറോടൊപ്പം തേജസിനെ അന്വേഷിച്ച് ചെന്ന പോലീസ് ഉദ്യോഗസ്ഥൻമാരുമാണ്. ടിയാൻമാരോട് ചോദിച്ചതിൽ തേജസിൻെറ ഭാര്യാ പിതാവ് തേജസിനെ കണ്ടെത്തുന്നതിനായി സ്വമേധയാ പോലീസ് ജീപ്പിൽ ടിയാൻമാരോടൊപ്പം വന്നതാണെന്നും തേജസിൻെറ ഭാര്യ പിതാവിന് അടുത്തുള്ള മെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്നു വാങ്ങി നൽകുവാൻ CI നിർദേശിച്ചതനുസരിച്ച് മരുന്ന് വാങ്ങി നൽകിയെന്നും അദ്ദേഹത്തിന് ശാരിരീകമോ മാനസികമോ ആയ യാതൊരു ബുദ്ധിമുട്ടുകളും ഉണ്ടായിരുന്നില്ലായെന്നും തേജസ് പ്രതിയായിട്ടുള്ള കേസിൻെറ വിവരങ്ങൾ തേജസിൻെറ ഭാര്യ പിതാവിന് അറിയേണ്ടതിനാൽ സ്റ്റേഷനിലേയ്ക്ക് വരുവാൻ താൽപര്യമുണ്ടെന്ന് പറഞ്ഞ് ടിയാന്മാരോടൊപ്പം സ്വമേധയാ വന്നതെന്നും മറ്റും പറഞ്ഞിട്ടുള്ളതാകുന്നു.

കണ്ടു ചോദിച്ച 13-ഉം 14-ഉം സാക്ഷികൾ എരുമേലി പോലീസ് സ്റ്റേഷനിലെ വനിതാ പോലീസ് ഉദ്യോഗസ്ഥരും പരാതിക്കാരി താമസിക്കുന്ന ഹോംസ്റ്റേയിൽ പരാതിക്കാരിയുടെ ഭർത്താവിനെ അന്വേഷിച്ച് പോയിട്ടുള്ളവരുമാകുന്നു. ടിയാൾക്കാരോട് ചോദിച്ചതിൽ ISHO ദിലീപ് ഖാൻ സാർ സ്റ്റേഷനിലെ ക്രൈം. 603/19, 605/19 എന്നീ കേസുകളിലെ പ്രതിയായ തേജസ് ടിയാൻെറ ഭാര്യ താമസിക്കുന്ന മാവേലിക്കരയിലുള്ള ഹോംസ്റ്റേയിൽ വരുന്നുണ്ടോയെന്ന വിവരം അന്വേഷിക്കുവാൻ ടിയാൾക്കാരോട് നിർദ്ദേശിച്ചുവെന്നും അതിൻ പ്രകാരം സ്റ്റേഷനിലെ ജീപ്പുമായി തിരിച്ച് രാത്രി 01.00 മണിയോടു കൂടി മാവേലിക്കരയിലുള്ള ഹോംസ്റ്റേയിലെത്തിയെന്നും അവിടെ എത്തിയപ്പോൾ ടിയാളുകളുടെ കൂടെ വന്ന SI വിദ്യാധരൻ സാർ എരുമേലി പോലീസ് സ്റ്റേഷനിൽ വന്നവരാണെന്നു

തേജസിനെ കുറിച്ചുള്ള വിവരങ്ങൾ ഭാര്യയോട് അന്വേഷിക്കുവാൻ വന്നതാണെന്നും ഹോം സ്റ്റേയിലെ നടത്തിപ്പുകാരിയോട് സംസാരിച്ചുവെന്നും അപ്പോൾ രാത്രിയിൽ സംസാരിക്കുവാൻ കഴിയില്ലെന്നും തുടർന്ന് ടിയാൻമാർ മാവേലിക്കര പോലീസ് സ്റ്റേഷനിൽ തങ്ങിയെന്നും പിറ്റേദിവസം കാര്യങ്ങൾ പോയി അന്വേഷിക്കുവാൻ ISHO അറിയിച്ചുവെന്ന് വിദ്യാധരൻ സാർ ടിയാൾക്കാരോട് പറഞ്ഞുവെന്നും പിറ്റേദിവസം CI സാറിന്റെ നിർദ്ദേശാനുസരണം രാവിലെ 07.30 മണിയോടു കൂടി ഹോം സ്റ്റേയിലെത്തി നടത്തിപ്പുകാരിയുടെ സാന്നിദ്ധ്യത്തിൽ തേജസിനെപറ്റി അന്വേഷിച്ചുവെന്നും. അപ്പോൾ തേജസ്സ് ടിയാനെ മുൻപ് ആശുപത്രിയിൽ കൊണ്ടുപോകാൻ അവിടെ വരാറുണ്ടായിരുന്നുവെന്നും ഇപ്പോൾ വരാറില്ലെന്നും ടിയാളുകളോട് പറഞ്ഞു വെന്നും താനിയയുടെ മൊബൈൽ ഫോൺ പരിശോധിച്ചപ്പോൾ കുറച്ചു ദിവസമായി വിളിക്കാറില്ലായെന്ന് മനസ്സിലായെന്നും താനിയയുടെ ഫോൺ പരിശോധിച്ചത് CI അവർകൾ പറഞ്ഞതുകൊണ്ടാണെന്നും ടി സമയം മഫ്ടിയിൽ സബീറും സതീശൻ സാറും ഹോം സ്റ്റേയ്ക്ക് സമീപം റോഡിൽ നിന്നിരുന്നുവെന്നും അവരെ അവിടെ നിർത്തിയിട്ട് ടിയാളുകൾ മാവേലിക്കര പോലീസ് സ്റ്റേഷനിൽ പോയിയെന്നും അവിടെ നിന്നും തിരികെ എരുമേലി സ്റ്റേഷനിലേയ്ക്ക് പോകുവാൻ തുടങ്ങിയപ്പോൾ 11.00 മണിയോടു കൂടി താനിയയും ഹോം സ്റ്റേ ഉടമസ്ഥൻ സുമാദേവിയും മാവേലിക്കര പോലീസ് സ്റ്റേഷനിൽ ഇരിക്കുന്നത് കണ്ടുവെന്നും അവിടെ ഇരിക്കുന്ന വിവരം അവരോട് തിരക്കിയപ്പോൾ താനിയയെ ഇനി താമസിപ്പിച്ചാൽ ബാക്കിയുള്ളവർക്കും കൂടി ബുദ്ധിമുട്ടാകുമെന്നും ഇനി അവിടെ താമസിപ്പിക്കാൻ പറ്റില്ലെന്നും സുമാദേവി ടിയാളുകളോട് പറഞ്ഞുവെന്നും താനിയയെ മാവേലിക്കര പോലീസ് സ്റ്റേഷനിൽ ടിയാളുകൾ കൂട്ടികൊണ്ടു വരികയോ കൂട്ടികൊണ്ടു വരുന്നതിന് ആരോടും പറഞ്ഞിട്ടില്ലെന്നും അന്വേഷിച്ചതിൽ സുമാദേവി താനിയയെ മാവേലിക്കര പോലീസ് സ്റ്റേഷനിൽ കൊണ്ടു വന്നതാണെന്നും ഇനി ഹോം സ്റ്റേയിൽ നിർത്തുവാൻ കഴിയില്ലെന്നും വീട്ടിൽ വിളിച്ചപ്പോൾ കൂട്ടികൊണ്ടു പോകുവാൻ ആരും ഇല്ലെന്ന് പറഞ്ഞതുകൊണ്ടാണ് താനിയയെ മാവേലിക്കര പോലീസ് സ്റ്റേഷനിൽ കൊണ്ടുവന്നതെന്ന് പറഞ്ഞുവെന്നും സുമാദേവി മാവേലിക്കര പോലീസ് സ്റ്റേഷനിലെ SHO-യെ കണ്ടതിനു ശേഷം പുറത്തു പോയിയെന്നും വിവരങ്ങൾ എരുമേലി SHO-യെ അറിയിച്ചപ്പോൾ താനിയയെ ആശുപത്രിയിൽ കാണിച്ച് ഡോക്ടർ നിർദ്ദേശിക്കുന്നതുപോലെ ചെയ്യുവാൻ പറഞ്ഞുവെന്നും ചെങ്ങന്നൂരുള്ള സഞ്ജീവനി ആശുപത്രിയിൽ ചെന്നപ്പോൾ ഡോക്ടർ സ്കാൻ ചെയ്യുവാൻ നിർദ്ദേശിച്ചുവെന്നും രാത്രി 09.30 മണിയോടു കൂടി താനിയയുടെ പിതാവും ബന്ധുക്കളും ഹോസ്പിറ്റലിൽ എത്തിയെന്നും അപ്പോൾ താനിയയെ ബന്ധുക്കളെ ഏൽപ്പിച്ച ശേഷം ടിയാളുകൾ സ്റ്റേഷനിലേയ്ക്ക് പോയിയെന്നും മറ്റും പറഞ്ഞിട്ടുള്ളതുമാകുന്നു.

18

കണ്ടുചോദിച്ച 15-ാം സാക്ഷി ഇപ്പോൾ മണിമല പോലീസ് ജോലിനോക്കി വരുന്ന ആളും 02.05.2019 തീയതിയിൽ എരുമേലി പോലീസ് സ്റ്റേഷ... ആയി ജോലി നോക്കിയിരുന്ന ആളുമാണ്. ടിയാനോട് ചോദിച്ചതിൽ അന്നേ ദിവസ... 10.00 മണിയോട്ടു കൂടി എരുമേലി സ്റ്റേഷൻ SHO ദിലീപ് ഖാൻ സാറ് എരുമേലി പോ... സ്റ്റേഷൻ ക്രൈം. 603/19, 605/19 എന്നീ കേസുകളിലെ 1-ഉം 2-ഉം പ്രതികളായ തേജസിനേ... അൻസറിനേയും അന്വേഷിച്ച് കണ്ടെത്തുവാൻ നിർദ്ദേശിച്ചിരുന്നുവെന്നും 1-ാം പ്രതി തേജസിൻെറ ഭാര്യ പഠിച്ചുകൊണ്ടിരിക്കുന്ന മാവേലിക്കരയിൽ പ്രതികൾ ചെല്ലുവാൻ സാധ്യതയുണ്ടെന്ന് അറിവുകിട്ടിയെന്നും CPO ശ്രീരാജും വനിതാ CPO രേഖയും സുനിതയുമൊപ്പം സ്റ്റേഷൻ ജീപ്പിൽ തേജസിൻെറ ഭാര്യ താമസിച്ചു വന്നിരുന്ന ഹോം സ്റ്റേ കണ്ടുപിടിച്ച് എത്തിച്ചേർന്നെന്നും ഹോം സ്റ്റേ നടത്തിവന്ന സുമാദേവി യൂണിഫോം ഇട്ടുകൊണ്ട്. അകത്തുകേറാൻ പറ്റില്ലെന്നും തേജസിൻെറ ഭാര്യ അകത്തേയ്ക്ക് കയറി പോയെന്നും കാലത്ത് 04.00 മണിവരെ ടി സ്ഥലത്ത് തങ്ങൾ നിരീക്ഷണത്തിൽ കിടന്നതിനുശേഷം SHOയുടെ നിർദ്ദേശപ്രകാരം വനിതാ ഉദ്യോഗസ്ഥരെ മാവേലിക്കര പോലീസ് സ്റ്റേഷനിൽ കൊണ്ടു പോയതിനു ശേഷം തിരികെ എരുമേലിയിലേയ്ക്ക് പോയെന്നും പിറ്റേദിവസം മഫ്റ്റിയിൽ വനിതാ പോലീസ് ഉദ്യോഗസ്ഥർ ഹോം സ്റ്റേയിൽ ചെന്ന് തേജസിൻെറ ഭാര്യയെ കാണുകയും അവരോട് കാര്യങ്ങൾ തിരക്കിയശേഷം എരുമേലി SHOയുടെ നിർദ്ദേശാനുസരണം സ്ത്രീയെ മാവേലിക്കര പോലീസ് സ്റ്റേഷനിൽ പിടിച്ചുകൊണ്ടു പോയെന്നും അവിടെ വച്ച് എന്തോ ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടതിനെ തുടർന്ന് വനിതാ പോലീസ് ഉദ്യോഗസ്ഥർതന്നെ അവരെ ആശുപത്രിയിൽ എത്തിച്ചെന്നും ആ സ്ത്രീയുടെ ബന്ധുക്കൾ വന്നതിനു ശേഷം വനിതാ പോലീസുകാർ തിരികെ എരുമേലി പോലീസ് സ്റ്റേഷനിലേയ്ക്ക് മടങ്ങിയതായി അറിഞ്ഞുവെന്നും മറ്റും പറഞ്ഞിട്ടുള്ളതുമാകുന്നു.

കണ്ടു ചോദിച്ച 16-ാം സാക്ഷി എരുമേലി പോലീസ് സ്റ്റേഷനിലെ സിവിൽ പോലീസ് ഓഫീസറും 03.05.2019 തീയതിയിൽ ISHO ദിലീപ് ഖാൻെറ നിർദ്ദേശാനുസരണം പ്രതിയായ തേജസിനെ അന്വേഷിച്ച് മാവേലിക്കരയിൽ ചെന്ന ആളുമാണ്. ടിയാനോട് ചോദിച്ചതിൽ അന്നേദിവസം തേജസിൻെറ ഭാര്യ താമസിക്കുന്ന ഹോംസ്റ്റേയ്ക്കു മുൻവശം റോഡിൽ എത്തിയപ്പോൾ ഹോംസ്റ്റേയ്ക്ക് സമീപത്തുള്ള റോഡിൽ തലേദിവസം ഡ്യൂട്ടിയ്ക്കുപോയ സുമിയും രേഖാറാണിയും നിൽക്കുന്നുണ്ടായിരുന്നുവെന്നും ടിയാനോട് വനിതാ ഉദ്യോഗസ്ഥർ അവിടെ നിൽക്കാൻ പറഞ്ഞതിനു ശേഷം മാവേലിക്കര സ്റ്റേഷനിലേയ്ക്ക് പോയിയെന്നും 15 മിനിറ്റിനു ശേഷം ഹോംസ്റ്റേയുടെ ഗേറ്റ് തുറന്ന് ഒരു ആട്ടോറിക്ഷയിൽ താനിയയും ഒരു സ്ത്രീയും കയറി പുറത്തേയ്ക്ക് പോകുന്നത് കണ്ടുവെന്നും ഓട്ടോയിൽ ഒരു പുരുഷനും

ഇരിക്കുന്നത് ശ്രദ്ധയിൽ പെട്ടപ്പോൾ ടിയാൻമാർ ഓട്ടോയുടെ പുറകേ പോയെന്നും ഓട്ടോയിൽ ഇരിക്കുന്ന ആൾ തേജസാണോയെന്ന് അറിയുന്നതിനാണ് ടിയാൻമാർ ഓട്ടോയ്ക്ക് പുറകിൽ പോയതെന്നും ഓട്ടോ മാവേലിക്കര സ്റ്റേഷനിലെത്തിയപ്പോൾ ടിയാൻമാർ താനിയയെ എവിടെയ്ക്ക് കൊണ്ടു പോകുന്നുവെന്ന് അന്വേഷിച്ചെന്നും പോലീസ് കേസ്സും മറ്റും ആയതിനാൽ ഇനി താനിയയെ അവിടെ നിർത്തുവാൻ സാധിക്കില്ലെന്ന് ഹോം സ്റ്റേ നടത്തുന്ന സ്ത്രീ തങ്ങളോട് പറഞ്ഞുവെന്നും താനിയയുടെ വീട്ടിൽ വിളിച്ചപ്പോൾ ആരും കൂട്ടികൊണ്ടു പോകുവാൻ ഇല്ലായെന്ന് പറഞ്ഞതുകൊണ്ട് മാവേലിക്കര പോലീസ് തീരുമാനിക്കട്ടെയെന്ന് കരുതിയാണ് മാവേലിക്കര പോലീസ് സ്റ്റേഷനിൽ കൊണ്ടു വന്നതെന്ന് അവർ പറഞ്ഞുവെന്നും കുറച്ചു കഴിഞ്ഞ് മാവേലിക്കര SHO യോട് എന്തോ സംസാരിച്ചിട്ട് ഹോംസ്റ്റേ നടത്തുന്ന സ്ത്രീ പോയെന്നും സംഭവം സുനിതയും രേഖയും ദിലീപ് ഖാൻ സാറിനെ വിളിച്ച് അറിയിച്ചപ്പോൾ ഗർഭിണിയായ താനിയയെ ഡോക്ടറെ കാണിച്ച് നിർദ്ദേശപ്രകാരം ചെയ്യുവാൻ അറിയിച്ചുവെന്നും തുടർന്ന് വീട്ടുകാരെ അറിയിക്കുവാൻ പറഞ്ഞുവെന്നും സഞ്ജീവനി ആശുപത്രിയിൽ താനിയയെ സ്കാൻ ചെയ്തശേഷം അഡ്മിറ്റ് ചെയ്തുവെന്നും താനിയയുടെ ബന്ധുക്കൾ വന്നപ്പോൾ താനിയയെ അവരെ ഏൽപ്പിച്ചശേഷം ടിയാൻമാർ എരുമേലി സ്റ്റേഷനിലേയ്ക്ക് തിരികെ പോയിയെന്നും മറ്റും പറഞ്ഞിട്ടുള്ളതുമാകുന്നു.

പരാതിയുടെ അന്വേഷണത്തിന്റെ ഭാഗമായി പരാതികക്ഷിയുടെ ഭർത്താവ് പ്രതിയായിട്ടുള്ള എരുമേലി പോലീസ് സ്റ്റേഷൻ ക്രൈം. 603/19, 605/19 എന്നീ കേസുകളുടെ CD ഫയലുകൾ പരിശോധിച്ചിട്ടുള്ളതാണ്.

എരുമേലി പോലീസ് സ്റ്റേഷൻ ക്രൈം. 603/19 U/S 323,324,363,506,308 & 34 IPC പ്രകാരം 01.05.2019-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ബൈക്കിൽ പോവുകയായിരുന്ന ആവലാതിക്കാരനെ കാറുകൊണ്ട് ഇടിച്ച് നിലത്തുവീണപ്പോൾ ആവലാതിക്കാരനെ കാലുകൊണ്ട് വയറ്റിൽ ചവിട്ടി മുഖത്തും തലയ്ക്കും അടിച്ചും തുടർന്ന് ടിയാനെ പ്രതിയുടെ കാറിൽ കയറ്റി 1-ാം പ്രതിയുടെ വീട്ടിൽ കൊണ്ടു വന്ന് തലയ്ക്കും പുറത്തും കൈകൊണ്ട് ഇടിച്ച് കമ്പിവടികൊണ്ട് തലയുടെ പുറകിൽ അടിച്ച് പരിക്കേൽപ്പിച്ചു എന്നാണ് ആവലാതിക്കാരൻ മൊഴിയിൽ പറയുന്നത്. എന്നാൽ സംഭവ ദിവസം ആവലാതിക്കാരൻ എരുമേലി Community Helth Center-ൽ ചികിത്സതേടിയ Wound Certificate പരിശോധിച്ചതിൽ കൈവച്ച് തലയ്ക്ക് അടിയ്ക്കുകയും കഴുത്തിൽ കുത്തിപിടിക്കുകയും ചെയ്തു എന്നാണ് ഡോക്ടറോട് പറഞ്ഞിട്ടുള്ളത് കഴുത്തിന്റെ പുറകിൽ ഒരു tenderness ഒഴിച്ച് മറ്റ് പരിക്കുകളൊന്നും കാണപ്പെട്ടില്ലായെന്നാണ് Wound Certificate ൽ ഡോക്ടർ രേഖപ്പെടുത്തിയിട്ടുള്ളത്.

എരുമേലി പോലീസ് സ്റ്റേഷൻ ക്രൈം. 605/19 u/s 294(b),452,323,506,3 IPC പ്രകാരമുള്ള കേസ് 02.05.2019-ലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ക്രൈം. 603/1 ആവലാതിക്കാരന്റെ അമ്മയാണ് ക്രൈം. 605/19-ലെ വാദി. 01.05.2019-ൽ ക്രൈം 603/19-ലേയ്ക്ക് കൊടുത്ത FI മൊഴിയിൽ ആവലാതിക്കാരൻ ടിയാന്റെ അമ്മയെ 30.04.20 ൽ പ്രതികൾ വീട്ടിൽ കയറി ദേഹോപദ്രവം ഏൽപ്പിച്ചതിനെ സംബന്ധിച്ച് ടിയാന്റെ FI മൊഴിയിൽ എങ്ങും തന്നെ പറഞ്ഞിട്ടില്ലാത്തതാണ്. ക്രൈം. 605/19 കേസ്സിലെ ആവലാതിക്കാരി പ്രഭാവതിയമ്മ ചികിത്സനടത്തിയതായി CD ഫയൽ പരിശോധിച്ചപ്പോൾ കാണുന്നില്ല.

പരാതിക്കാരിയുടെ ഭർത്താവ് തേജസിനെതിരായി എരുമേലി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം. 603/19, ക്രൈം. 605/19 എന്നീ കേസുകളുടെ അന്വേഷണം SP റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് തേജസ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP (C ) 14297/19 ആയി ഫയൽ ചെയ്ത കേസിൽ കോടതി Records പരിശോധിച്ച ശേഷം ഈ കേസുകളിൽ കോടതിയ്ക്ക് പ്രഥമദൃഷ്ട്യാ ചില പരസ്പര വൈരുദ്ധ്യങ്ങൾ ഉള്ളതായി ബോദ്ധ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം ജില്ലാ ക്രൈം ബ്രാഞ്ച് DySP യെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആയതു പ്രകാരം ക്രൈം. 603/19, ക്രൈം 606/19 കേസുകളുടെ അന്വേഷണം കോട്ടയം ജില്ലാ ക്രൈം ബ്രാഞ്ച് DySP ഏറ്റെടുത്തിട്ടുള്ളതുമാകുന്നു.

പി.സി. ജോർജ്ജ് എം.എൽ.എ യുടെ സ്വാധീനത്താൽ പരാതിക്കാരിയുടെ ഭർത്താവിനെതിരെ കള്ളകേസ് എടുത്തതാണെന്നുള്ള പരാതിക്കാരിയുടെ ആരോപണത്തെ സംബന്ധിച്ച് അന്വേഷിച്ചതിൽ കണ്ട് ചോദിച്ച സാക്ഷികളിൽ പരാതിക്കാരിയുടെ ഭർത്താവായ തേജസ് മാത്രമാണ് അപ്രകാരം ഒരു ആരോപണം ഉന്നയിച്ചിട്ടുള്ളത്. ഈ ആരോപണത്തെ സംബന്ധിച്ച് അന്വേഷിച്ചതിൽ പരാതിക്കാരിയുടെ ഭർത്താവ് തേജസ് എരുമേലി പോലീസ് സ്റ്റേഷനിൽ മുമ്പ് ഉണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥരുമായി ചേർന്ന് പോലീസ് സ്റ്റേഷനിലെ പരാതികൾ തീർപ്പു കൽപ്പിക്കുന്നതിൽ അവിഹിതമായി ഇടപെടുന്നതായി പി.സി. ജോർജ്ജ് എം.എൽ.എ. എരുമേലിയിൽ ഒരു പൊതു ചടങ്ങിൽ പ്രസംഗിച്ചതായി വെളിവായിട്ടുള്ളതാണ്. എന്നാൽ തേജസിനെതിരെ എരുമേലി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ പി.സി. ജോർജ്ജ് എം.എൽ.എ. ഇടപെട്ടതായി അന്വേഷണത്തിൽ വെളിവായിട്ടില്ലാത്തതാകുന്നു.

(21)

പരാതിക്കാരിയുടെ ഭർത്താവിന്റെ മൊഴിയിൽ ആരോപിച്ചിരിക്കുന്ന പ്രകാരം എരുമേലിയിലുള്ള പഴയ താവളം വീട്ടുകാരും പുത്തൻ വീട്ടുകാരും തമ്മിൽ എരുമേലി ജുമാമസ്ജിദ് ഭരണസമിതി തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ശത്രുതയുണ്ടായിരുന്നതായും പുത്തൻ വീട്ടുകാർ SDPI യിൽ നിന്നും PC ജോർജ്ജിന്റെ ജനപക്ഷം പാർട്ടിയുമായി ചേർന്ന് പ്രവർത്തിക്കുന്നതായും അന്വേഷണത്തിൽ വെളിവായിട്ടുള്ളതും പഴയ താവളം വീട്ടിലെ അൻസാരിയെ പുത്തൻ വീട്ടുകാരായ മിത്ത് ലാജ്, മിഥാദ്, ഇൻക്രു എന്നിവർ ചേർന്ന് കമ്പിവടി കൊണ്ടും മറ്റും ദേഹോപദ്രവമേൽപ്പിച്ചതിലേക്ക് എരുമേലി പോലീസ് സ്റ്റേഷൻ ക്രൈം. 675/18 U/s 143, 147, 149, 341, 323, 307, 427 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതായും വെളിവായിട്ടുള്ളതാണ്. എന്നാൽ ടി കേസിൽ പുത്തൻ വീട്ടുകാരെ എരുമേലി ഇൻസ്പെക്ടറോട് പറഞ്ഞ് സഹായിക്കാത്തതിന്റെ പേരിൽ PC ജോർജ്ജ് MLA യ്ക്ക് പരാതിക്കാരിയുടെ ഭർത്താവിനോട് ശത്രുതയുണ്ടായിരുന്നുവെന്നും PC ജോർജ്ജ് MLA ഇടപ്പെട്ടാണ് പരാതിക്കാരിയെയും ടിയാളുടെ പിതാവിനെയും എരുമേലി ഇൻസ്പെക്ടർ വീട്ടിൽ കയറി പിടിച്ചു കൊണ്ടു പോയതെന്നുള്ള ആരോപണത്തിന് മതിയായ തെളിവുകൾ ലഭിച്ചിട്ടില്ലാത്തതാകുന്നു.

അന്വേഷണ വിവരം

ഈ പരാതിയുടെ അന്വേഷണത്തിൽ 03.05.2019 തീയതി വെളുപ്പിന് 01.30 മണിയോടെ എരുമേലി പോലീസ് സ്റ്റേഷനിലെ GSI വിദ്യാധരൻ WCPO 7382 സുനിത K.G, WCPO 6153 രേഖാരാം എന്നിവരുമായി എരുമേലി Inspector SHO ദിലീപ് ഖാന്റെ നിർദ്ദേശാനുസരണം പരാതിക്കാരി പഠനത്തിന്റെ ആവശ്യത്തിനായി Paying guest ആയി താമസിച്ചിരുന്ന മാവേലിക്കരയിലുള്ള വീട്ടിൽ ചെന്ന് അന്വേഷിക്കുകയും രാത്രി ആയതിനാൽ കാണാൻ പറ്റില്ലായെന്ന് വീടിന്റെ ഉടമസ്ഥ പറഞ്ഞതനുസരിച്ച് പോലീസ് വീടിന് പുറത്ത് കാവൽ നിൽക്കുകയും വെളുപ്പിനെ 05.00 മണിയോടെ GSI വിദ്യാധരൻ മടങ്ങി സ്റ്റേഷനിൽ പോവുകയും എരുമേലി പോലീസ് സ്റ്റേഷനിലെ CPO 7565 സബീർ CPO 8038 സതീശൻ എന്നിവരെ പരാതിക്കാരിയുടെ വീട്ടിലേക്ക് അയയ്ക്കുകയും രാവിലെ 06.30 മണിയോടു കൂടി പരാതിക്കാരി താമസിച്ചിരുന്ന വീട്ടിൽ ചെന്ന് ടിയാളുടെ ഭർത്താവ് തേജസ് എവിടെയാണെന്ന് അന്വേഷിച്ചും. മൊബൈൽ ഫോൺ വാങ്ങി കൈവശം വച്ച് പരാതിക്കാരിയെ ആരുമായി ബന്ധപ്പെടാൻ അനുവദിക്കാതെ 12.30 മണിവരെ മുറിയിൽ പിടിച്ചിരുത്തിയും തുടർന്ന് മാവേലിക്കര Inspector-ടെ ഓഫീസിൽ കൊണ്ടു പോയി ഭർത്താവിനെ കുറിച്ച് അന്വേഷിച്ചിട്ടുള്ളതും സ്റ്റേഷനിൽ വച്ച് വയറുവേദനയും ദേഹാസ്വാസ്ഥ്യവും

അനുഭവപ്പെട്ട പരാതിക്കാരിയെ പോലീസ് ഉദ്യോഗസ്ഥർ ചെങ്ങന്നൂർ സ... ആശുപത്രിൽ പ്രവേശിപ്പിക്കുവാൻ ഇടയായിട്ടുള്ളതുമാണ്. പരാതിക്കാരിയെ ടിയ... ഭർത്താവ് തേജസ് പ്രതിയായ കേസിൽ തേജസിനെ കണ്ടെത്തുന്നതിനായി അഞ്ചര... ഗർഭിണിയായ പരാതിക്കാരിയെ ടിയാൾ paying guest ആയി താമസിച്ചിരുന്ന വീട്ടിൽ ചെ... ടിയാളെ മാവേലിക്കര പോലീസ് സ്റ്റേഷനിൽ കൂട്ടികൊണ്ടു വന്ന് ഭർത്താവിനെ കുറിച്ച് അന്വേഷിച്ചത് യാതൊരു രീതിയിലും നീതികരിക്കാവുന്ന നടപടിയല്ല

പരാതിക്കാരിയുടെ കട്ടപ്പനയിലെ കുടുംബവീട്ടിൽ 03.05.2019 വെളുപ്പിനെ 02.30 മണിയോട്ടു കൂടി എരുമേലി പോലീസ് സ്റ്റേഷനിലെ ഇൻസ്പെക്ടർ ദിലീപ് ഖാൻ ASI ബിനോയ്, SCPO 7114 റിച്ചാർഡ് സേവ്യർ, CPO 6875 നവാസ് എന്നിവർ ചെന്ന് പരാതിക്കാരിയുടെ പിതാവ് ചാണ്ടിയോട് തേജസ് എവിടെയാണെന്ന് അന്വേഷിക്കുകയും തേജസിനെ കുറിച്ച് അറിയില്ലായെന്ന് പറഞ്ഞതിനെ തുടർന്ന് 70 വയസ്സ് പ്രായമുള്ള രോഗിയായ പിതാവിനെ ഇൻസ്പെക്ടർ ബലമായി പിടിച്ച് ജീപ്പിൽ കയറ്റി കൊണ്ടു പോയി പല ബന്ധുവീട്ടിലും തേജസിനെ അന്വേഷിച്ചും തുടർന്ന് രാവിലെ എരുമേലി പോലീസ് സ്റ്റേഷനിൽ കൊണ്ടു വന്ന് ഇരുത്തി വൈകുന്നേരം ഏകദേശം 06.00 മണിവരെ പോലീസ് സ്റ്റേഷനിൽ ഇരുത്തിയിരുന്നതും ചാണ്ടിയുടെ ബന്ധുക്കളായ പ്രിൻസും സോണിയും വന്നപ്പോൾ അവരുടെ കൂടെ എഴുതിവച്ച് വിട്ടയച്ചിട്ടുള്ളതുമാണ്.

03.05.2019-ൽ മാവേലിക്കര പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ആയിരുന്ന കെ. ജെ. പീറ്റർ ഇപ്പോൾ പുളിക്കീഴ് പോലീസ് സ്റ്റേഷനിൽ ഇൻസ്പെക്ടർ ആയി ജോലി നോക്കിവരുന്ന ആളും ടിയാനെ ബന്ധപ്പെട്ട് അന്വേഷിച്ചതിൽ 03.05.2019 ഉച്ചയോടു കൂടി താനിയ എന്ന പെൺകുട്ടിയെ എരുമേലി പോലീസ് സ്റ്റേഷനിലെ വനിതാ പോലീസുകാർ ഉൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥർ ടിയാൻെറ ഓഫീസിൽ കൂട്ടികൊണ്ടു വന്നുവെന്നും എന്തിനാണ് പെൺകുട്ടിയെ കൂട്ടികൊണ്ടു വന്നത് എന്ന് പോലീസുകാരോട് ചോദിച്ചപ്പോൾ താനിയയുടെ ഭർത്താവ് 308 കേസിലെ പ്രതിയാണെന്നും അയാളെ അന്വേഷിക്കുന്നതിനാണ് കൂട്ടികൊണ്ട് വന്നതെന്നും പെൺകുട്ടി ഗർഭിണിയായിരുന്നുവെന്നും ഇങ്ങനെയൊരു പെൺകുട്ടിയെ സ്റ്റേഷനിൽ കൊണ്ടുവന്നത് ശരിയായില്ലെന്ന് പോലീസുകാരോട് പറഞ്ഞുവെന്നും പെൺകുട്ടിക്ക് ശാരീരിക അസ്വസ്ഥത അനുഭവപ്പെട്ടതിനെ തുടർന്ന് ആശുപത്രിയിൽ കൊണ്ടുപോകുന്നതിന് വനിതാ പോലീസുകാരോട് നിർദ്ദേശിച്ചുവെന്നും പറഞ്ഞിട്ടുള്ളതിൽ നിന്നും പരാതിക്കാരിയെ മാവേലിക്കര സ്റ്റേഷനിൽ കൂട്ടികൊണ്ടു വന്നുവെന്നുള്ളത് വ്യക്തമായി തെളിയുന്നു.

പരാതിക്കാരിയുടെ ഭർത്താവിനെ കണ്ടെത്തി അറസ്റ്റു ചെയ്യുകയെന്നത് അന്വേഷണ ഉദ്യോഗസ്ഥൻ നിയമപരമായ. നടപടിക്രമങ്ങളിലൂടെ മാത്രം ചെയ്യേണ്ട കാര്യമാണ്. എന്നാൽ പാരാതിക്കാരിയുടെ ഭർത്താവിനെ കണ്ടെത്തുന്നതിനായി അഞ്ചരമാസം ഗർഭിണിയായ പരാതിക്കാരിയെ ടിയാൾ താമസിച്ചിരുന്ന വീട്ടിൽ രാത്രി 01.30 മണിയ്ക്ക് പോലീസിനെ വിട്ട് അന്വേഷിച്ചതും തുടർന്ന് മാവേലിക്കര പോലീസ് സ്റ്റേഷനിൽ വരുത്തി ഭർത്താവിനെ കുറിച്ച് അന്വേഷിച്ചും ഗർഭിണിയായ പരാതിക്കാരിയെ ദേഹാസ്വാസ്ഥത ഉളവാക്കുന്നതിനും ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്യുന്നതിനും ഇടയാക്കിയും പരാതിക്കാരിയുടെ പിതാവ് 70 വയസ്സുള്ള രോഗിയായ ചാണ്ടിയെ രാത്രി 02.30 മണിയ്ക്ക് വീട്ടിൽ നിന്നും പിടിച്ച് ഇറക്കി കൊണ്ടു പോയി എരുമേലി പോലീസ് സ്റ്റേഷനിൽ വൈകുന്നേരം വരെ ഇരുത്തിയും പരാതിക്കാരിയേയും ടിയാളുടെ പിതാവിനെയും ഇത്തരത്തിൽ മാനസികമായും ശാരീരികമായും ബുദ്ധിമുട്ടിച്ചും ടിയാളുടെ അന്തസിനു കളങ്കം വരുത്തക്കവിധം എരുമേലി ഇൻസ്പെക്ടർ ദിലീപ് ഖാൻ പ്രവർത്തിച്ചിട്ടുള്ളതായി വെളിവാകുന്നു.

എരുമേലി ഇൻസ്പെക്ടർ ദിലീപ് ഖാന്റെ ഭാഗത്തു നിന്നും ഗുരുതരമായ അച്ചടക്ക ലംഘനവും കൃത്യവിലോപവും അധികാര ദുർവിനിയോഗവും നടന്നിട്ടുള്ളതായി കാണുന്നു.

റിപ്പോർട്ടിനോടൊപ്പം താഴെ പറയുന്ന രേഖകൾ കൂട്ടിച്ചേർത്തിരിക്കുന്നു.

1. സാക്ഷി മൊഴികൾ
2. ക്രൈം. 603/19-ലെ FIR & FIS
3. ക്രൈം. 605/19-ലെ FIR & FIS
4. എരുമേലി ക്രൈം. 603/19 കേസിലെ ആവലാതിക്കാരനെ ചികിത്സിച്ച Wound Certificate
5. പരാതിക്കാരിയെ മാവേലിക്കര പോലീസ് സ്റ്റേഷനിൽ വച്ച് ദേഹാസ്വാസ്ഥത വന്നതിനെ തുടർന്ന് ചെങ്ങന്നൂർ സഞ്ജീവനി ആശുപത്രിയിൽ ചികിത്സിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ്
6. ബഹു. ഹൈക്കോടതിയുടെ WP(C ) 14297/19-ാം നമ്പർ കേസിന്റെ Judgement Copy.

സവിനയം

എം. എസ്. സന്തോഷ്
പോലീസ് അസ്സി. കമ്മീഷണർ
ജില്ലാ ക്രൈംബ്രാഞ്ച്,
തിരുവനന്തപുരം സിറ്റി